# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

## ആനുകാലിക റിപ്പോർട്ട്

(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2022 TO 31ST MARCH 2023)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 13-ാം തീയതി സമർപ്പിച്ചത്

(Presented on 13th September 2023)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IV**

**(SUBJECT COMMITTEE IV)**

**വ്യവസായവും ധാതുക്കളും**

**(INDUSTRY AND MINERALS)**

**ആനുകാലിക റിപ്പോർട്ട്**

(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2022 TO 31ST MARCH 2023)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

**സബ്ജക്ട് കമ്മിറ്റി IV**

വ്യവസായവും ധാതുക്കളും

(2021-2023)

**ഘടന**

<u>ചെയർമാൻ</u>

ശ്രീ. പി. രാജീവ്,

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u>

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ.എം.ബഷീർ , സെക്രട്ടറി.

ശ്രീ.ആർ.വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി.

ശ്രീമതി ജയശ്രീ.എം., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ.മോഹനൻ.ഒ., അണ്ടർ സെക്രട്ടറി.

**അവതാരിക**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

01.4.2022 മുതൽ 31.3.2023 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി . 12.04.2022, 21.04.2022, 26.04.2022, 18.07.2022, 24.08.2022, 26.10.2022, 05.12.2022, 15.02.2023, 17.02.2023, 22.02.2023 എന്നീ തീയതികളിലാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ , 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ, The Kerala Cashew Factories (Acquisition) (Amendment) Bill 2022, The Kerala Khadi and Village Industries Board (Amendment) Bill 2022 എന്നിവയുടെ പരിഗണന , കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 'എ' പ്രകാരം "ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ" പദ്ധതി സംബന്ധിച്ച്, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന എന്നിവയ്ക്കായാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത് . പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 73% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - a) 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2023 സെപ്തംബർ 12-ാംതീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**പി. രാജീവ്,**

തിരുവനന്തപുരം,<br>2023 സെപ്തംബർ 13

ചെയർമാൻ,<br>സബ്ജക്ട് കമ്മിറ്റി IV.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 26.04.2022-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2022 ജൂൺ-27 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2021-22 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 18.07.2022-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2022 ജൂലൈ 19-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 18.07.2022-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2022 ജൂലൈ 19-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 22.02.2023-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2023 ഫെബ്രുവരി 27-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ. എന്നിവ 24.08.2022-ലെ സമിതി യോഗം പരിഗണിക്കുകയും. ആയതിൽ 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഭേദഗതികളോടെയും 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ. ഭേദഗതി കൂടാതെയും അംഗീകരിക്കുകയും ചെയ്തു.. പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 2022 ആഗസ്റ്റ് 29-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

The Kerala Cashew Factories (Acquisition)(Amendment) Bill 2022, The Kerala Khadi and Village Industries Board (Amendment) Bill 2022 എന്നിവ 05.12.2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും. ആയതിൽ The Kerala

Cashew Factories (Acquisition) (Amendment) Bill 2022 ഭേദഗതികളോടെയും The Kerala Khadi and Village Industries Board (Amendment) Bill 2022 ഭേദഗതി കൂടാതെയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 2022 ഡിസംബർ 6-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിശോധിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ. കൾവിശദാംശങ്ങൾ

ഇല്ല

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം ' 235 എ' പ്രകാരം "ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ" പദ്ധതി സംബന്ധിച്ച് സമിതി ചർച്ച ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXXVII – വ്യവസായങ്ങൾ | 2018-19<br>2019-20<br>2020-21 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 28.06.2022 |
| | 2018-19<br>2019-20<br>2020-21 | കാപ്പെക്സ് | |
| | 2018-19<br>2019-20<br>2020-21 | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | |

| | | | |
|---|---|---|---|
| | 2018-19<br>2019-20<br>2020-21 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 28.06.2022 |
| | 2019-20<br>2020-21 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | |
| XXXVII – വ്യവസായങ്ങൾ | 2019-20 | സിഡ്കോ | |
| | 2019-20 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ് | |
| | 2019-20 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | |
| | 2019-20 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | |
| | 2020-21 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | |
| | 2020-21 | വ്യവസായ വാണിജ്യ വകുപ്പ് | |
| | 2020-21 | കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | |
| | 2018-19<br>2019-20<br>2020-21 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 01.09.2022 |
| | 2018-19 | കിൻഫ്ര | 06.12.2022 |
| | 2018-19<br>2019-20 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) | |
| | 2018-19<br>2019-20<br>2020-21 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | |
| | 2018-19<br>2020-21 | കേരള കരകൗശല വികസന കോർപ്പറേഷൻ | |
| | 2018-19<br>2019-20<br>2020-21<br>2021-22 | കെ.സി.സി.പി.ലിമിറ്റഡ് | |

| | | | |
|---|---|---|---|
| XXXVII – വ്യവസായങ്ങൾ | 2019-20<br>2020-21<br>2021-22 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 06.12.2022 |
| | 2019-20<br>2021-22 | കേരള സിറാമിക്സ് ലിമിറ്റഡ് | |
| | 2020-21 | കെൽട്രോൺ | |
| | 2020-21 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | |
| | 2021-22 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | |

## അദ്ധ്യായം-VI

**a) 2022-23 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ . | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ . | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 47 | 1, 2, 5-10, 12, 13, 14, 20, 27, 33-38, 46 | 3, 4, 11, 15-19, 21-26, 28-32, 39-45,47 | 27 |

**b) സമിതി പരിഗണിച്ച് അംഗീകരിച്ച മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.**

**2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ)

ശിപാർശ

കശുമാവ് കൃഷി വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മിഷൻ മാനേജ്മെന്റിനായി 60 ലക്ഷം രൂപയും കശുമാവിൻ തൈകളുടെ ട്രാൻസ്പോർട്ടേഷൻ , ലോർഡിംഗ് ആൻഡ് അൺലോഡിംഗ് എന്നിവയുടെ ആവശ്യത്തിനായി 35 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷം

തൈകൾ അനുവദിച്ച കർഷകർക്ക് സബ്സിഡി അനുവദിക്കുന്നതിന് 175 ലക്ഷം രൂപയും മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി 10 ലക്ഷം രൂപയും കർഷക കൂട്ടായ്മ രൂപീകരണത്തിനും ജില്ലാതലത്തിൽ കാഷ്യൂ ഫാർമേഴ്സ് മാർക്കറ്റ് സ്ഥാപിക്കുന്നതിനുമായി 15 ലക്ഷം രൂപയും കെ.എസ്.സി.ഡി.സി.ക്ക് കൂടുതലായി ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു.ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 295 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് അധിക ധനസഹായമായി ബഹു.വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 295 ലക്ഷം രൂപ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം അനുവദിച്ച നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ആഗോള ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിലൂടെ ആഭ്യന്തര വിപണിയിലും ആഗോള വിപണിയിലും കാപ്പക്സിന്റെ വിറ്റുവരവ് കൂടുതലായി നേടുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

കാപ്പക്സിന് അധിക ധനസഹായമായി ബഹു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 50 ലക്ഷം രൂപ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം അനുവദിച്ച നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2011-12 മുതൽ 2015-16 വരെ കാപ്പക്സിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് നോൺപ്ലാൻ ഇനത്തിൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

## സ്വീകരിച്ച നടപടി

2018-19 കാലയളവിൽ ബഹു.വിഷയ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാപ്പക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികളുടെയും ജീവനക്കാരുടെയും 2012 മുതൽ 2014 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 4.61 കോടി രൂപ (4851-00-195-99 എന്ന ഹെഡിൽ ) കാപ്പക്സിൽ ഓഹരി മൂലധന നിക്ഷേപ സഹായങ്ങൾ എന്ന കണക്കിനത്തിൽ അധിക ധനസഹായമായി 18.08.2018-ലെ സർക്കാർ ഉത്തരവ് സ .ഉ(സാധാ) നം.995/2018/വ്യവ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കാപ്പക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്കും, ജീവനക്കാർക്കും പ്രസ്തുത കാലയളവുകളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ടി ധനസഹായം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി കുറഞ്ഞത് (200 തൊഴിൽ ദിനങ്ങൾ) ജോലി നല്കുന്നതിനായുള്ള പ്രവർത്തന മൂലധനമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 3000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സ്വീകരിച്ച നടപടി

ബഹു. വിഷയ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാപ്പക്സിൽ ഓഹരി മൂലധന നിക്ഷേപ സഹായങ്ങൾ (4851-00-195-99) എന്ന കണക്കിനത്തിൽ പദ്ധതി വിഹിതത്തിൽ അനുവദിച്ച് നൽകിയ 8 കോടി രൂപയ്ക്ക് പുറമെ 9.61 കോടി രൂപ അധിക ധനസഹായമായി (ആകെ 17.61 കോടി രൂപ) സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.[സ.ഉ(സാധാ) നം.576/2018/വ്യവ. തീയതി 18.05.2018 പ്രകാരം 4 കോടി രൂപയും സ.ഉ (സാധാ) നം.772/2018/വ്യവ തീയതി 03.07.2018 പ്രകാരം 5 കോടി രൂപയും , സ.ഉ (സാധാ ) നം.995/2018/വ്യവ. തീയതി 18.08.2018 പ്രകാരം 4.61 കോടി രൂപയും, സ.ഉ(സാധാ)നം.1013/2018/വ്യവ. തീയതി 21.08.2018 പ്രകാരം 4 കോടി രൂപയും ]

2018-19 കാലയളവിൽ ആകെ അനുവദിച്ച ധനസഹായമായ 17.61 കോടി രൂപയിൽ നിന്നും 4 കോടി രൂപ തോട്ടണ്ടി സംഭരണത്തിനായും 5 കോടി രൂപ

കേരള കാഷ്യൂ ബോർഡിലെ കാപ്പക്സിന്റെ ഓഹരി മൂലധനത്തിനായും, 4.61 കോടി രൂപ 2012-14 കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായും, 4 കോടി രൂപ 2018-ലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും ബോണസും, അനുബന്ധ അലവൻസുകളും നൽകുന്നതിനുമായും ചെലവഴിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)
(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2017 വരെ കെ.എസ്.സി.ഡി.സി-യിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയി-ട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 6848 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

ബഹു. വിഷയ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2017 വരെ കെ .എസ്.സി.ഡി.സി യിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 16.00 കോടി രൂപ നൽകിയിട്ടുണ്ട്.

_(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)
(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2014 ജൂൺ മുതൽ 2016 ജൂലൈ വരെയുള്ള ഇ.പി.എഫ് കുടിശ്ശിക (തൊഴിൽ ഉടമ വിഹിതം) നൽകുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിന് 605 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് അധിക ധനസഹായമായി ബഹു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 605 ലക്ഷം രൂപ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)
(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കശുവണ്ടി വികസന കോർപ്പറേഷൻ വാടകയ്ക്ക് നടത്തി വരുന്ന 20 ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വാടക ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർ നിശ്ചയിച്ച നൽകിയ വില നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്ന ആയതിനാൽ പ്രസ്തുത ആവശ്യത്തിന് 6205 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് അധിക ധനസഹായമായി ബഹു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 6205 ലക്ഷം രൂപ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം അനുവദിച്ച നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

1970-71 മുതൽ വാണിജ്യ നികുതി വകുപ്പുമായി കശുവണ്ടി വികസന കോർപ്പറേഷൻ തർക്കത്തിലായിരുന്ന തുക സംബന്ധിച്ച് 2016-ലെ ആംനെസ്റ്റി പ്രകാരം 1599 ലക്ഷം രൂപ അടച്ച തീർക്കുന്നതിലേക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 1599 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് അധിക ധനസഹായമായി ബഹു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 1599 ലക്ഷം രൂപ വിഭവലഭ്യതയുടെ അപര്യാപ്തത കാരണം അനുവദിച്ച നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിനായി പ്രവർത്തന മൂലധനമായി 10000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് അധിക ധനസഹായമായി ബഹു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 10000 ലക്ഷം രൂപ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം അനുവദിച്ച നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /76/ 2020 /വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

**2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ)

ശിപാർശ

2018 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുന്നതിനായി 54.98 കോടി രൂപ 2014 ജൂൺ മുതൽ 2016 ജൂലൈ വരെ ഇ.പി.എഫ് കുടിശ്ശിക തീർക്കുന്നതിനായി 4.78 കോടി രൂപ, 20 ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിലേയ്ക്കായി 62.05 കോടി രൂപ, കെ.ജി.എസ്.റ്റി. 2016-ലെ ആംനെസ്റ്റി സ്കീമിൽ 1970 മുതലുള്ള കുടിശ്ശിക തീർക്കുന്നതിനായി 15.99 കോടി രൂപ, 2019-20 സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി 100 കോടി രൂപ എന്നിവ ചേർത്ത് ആകെ 237.80 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2018 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുന്നതിനായി വിഷയ നിർണ്ണയ സമിതി IV (വ്യവസായവും ധാതുക്കളും) സമിതി ശിപാർശ ചെയ്ത 54.98 കോടി രൂപയിൽ 11 കോടി രൂപ സ.ഉ (സാധാ) നം.877/2019/വ്യവ തീയതി 06.09.2019 പ്രകാരം കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി 100 കോടി രൂപ സമിതി ശിപാർശ ചെയ്തതിൽ 5 കോടി രൂപ സ.ഉ (സാധാ) നം.313/2019/വ്യവ തീയതി 30.03.2019 പ്രകാരവും അനുവദിച്ചു നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം സമിതി ശിപാർശ ചെയ്ത മറ്റു തുകകൾ വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം കശുവണ്ടി വികസന കോർപ്പറേഷൻ അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /160/ 2019/വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ - (200) നൽകുക (181 തൊഴിൽ ദിനങ്ങൾ 2018-ൽ നൽകി). ആധുനികവത്കരണവും ഭാഗികമായ യന്ത്രവൽക്കരണവും നടത്തുക, ബ്രാൻഡ് ബിൽഡിംഗും ആഗോള-ആഭ്യന്തര വിപണിയും ശക്തിപ്പെടുത്തുക . കൂടാതെ പ്രോസസ്സിംഗിനായുള്ള കൂലി ഇനത്തിലുള്ള ചെലവ് , ഇ.എസ്.ഐ, ഇ.പി.എഫ് , ആർ. ഡബ്ള്യൂ .എഫ്. മുതലായ ക്ഷേമ പദ്ധതികൾ കുടിശ്ശിക ഇല്ലാതെ അടയ്ക്കുക, ഫാക്ടറി സ്റ്റാഫ്, ഹെഡ് ഓഫീസ് സ്റ്റാഫ് മുതലായവർക്ക് ശമ്പളം നൽകുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ പ്രവർത്തന മൂലധനമായി 30 കോടി രൂപയും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി (2015 മുതൽ 2018 വരെ) 10 കോടി രൂപയും ചേർത്ത് 40 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

ബഹു. വിഷയ നിർണ്ണയ സമിതി IV (വ്യവസായവും ധാതുക്കളും) ശിപാർശ ചെയ്ത പ്രകാരം 2015-ലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 2020-21 കാലയളവിലെ പദ്ധതി വിഹിതത്തിൽ 3.50 കോടി രൂപയും 2016-20 കാലയളവുകളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 2021-22 കാലയളവിലെ പദ്ധതി വിഹിതത്തിൽ 9.57 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സർക്കാർ ധനസഹായമായി പദ്ധതി വിഹിതത്തിൽ അനുവദിച്ചു നൽകിയ, 2015 കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാനുള്ള 3.50 കോടി രൂപയിൽ നിന്നും 3,46,20,717 രൂപ ഇതുവരെ ഗ്രാറ്റുവിറ്റി കുടിശ്ശിക ഇനത്തിൽ കാപ്പക്സ് വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3,79,283/- രൂപ മരണപ്പെട്ടുപോയ തൊഴിലാളികളുടെ ആശ്രിതർ മതിയായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് വിതരണം ചെയ്യാൻ കഴിയാത്തത്. ആവശ്യമായ രേഖകൾ ആശ്രിതരിൽ നിന്നും ലഭിച്ചാലുടൻ തന്നെ പ്രസ്തുത ഗ്രാറ്റുവിറ്റി കുടിശ്ശിക തുകയും വിതരണം ചെയ്യുന്നതാണ്. 2016-20 കാലയളവുകളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി സ.ഉ (സാധാ)നം.879 /2021/വ്യവ തീയതി 17.08.2021 പ്രകാരം സർക്കാർ ധനസഹായമായി അനുവദിച്ച 9.57 കോടി രൂപ കാപ്പെക്സിലെ കൊല്ലം ജില്ലാ ട്രഷറിയിലെ അക്കൗണ്ടിൽ ലഭിച്ചാലുടൻ പ്രസ്തുത ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

(റഫറൻസ് നമ്പർ കെ2 /160/ 2019/വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കശുമാവിൻ തോട്ടങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.എ.സി.സി.. വഴി 5 ഏക്കറോ അതിൽ കൂടുതലോ സ്ഥലമുള്ള കർഷകർക്കും സ്ഥാപനങ്ങൾക്കും കശുമാവിൻ തൈ നൽകുന്നതിനും നിലം ഒരുക്കുന്നതിനുമായി ഹെക്ടറിന് 13000 നിരക്കിൽ സബ്സിഡി നൽകുക, കർഷകരുടെ ആവശ്യപ്രകാരം വിവിധ പ്രദേശങ്ങളിൽ നിന്നും തൈകൾ ശേഖരിച്ച് എത്തിച്ചുകൊടുക്കുക, ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭിക്കത്തക്ക രീതിയിൽ വിവിധ ഗ്രൂപ്പുകൾക്ക് രൂപം നൽകുക, സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പാഴായിപൊയ്ക്കൊണ്ടിരുന്ന കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യു ജാം, സിറപ്പ്, അച്ചാറുകൾ, കാൻഡി എന്നിവ നിർമ്മിച്ച് സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുക, കെ.എസ്.എ.സി.സി.യുടെ ഔദ്യോഗികമായ എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുക, അതോടൊപ്പം , കശുമാവ് ഗ്രാഫ്റ്റുകൾ ഇ-ടെണ്ടർ വഴി ക്ഷണിക്കുക, കർഷകരിൽ നിന്നും അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുക, കാലപ്പഴക്കം വന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പുതുക്കുക , യൂണിറ്റ് കാഷ്യു മോഡൽ ഗാർഡൻ മോഡൽ കാഷ്യു ഫാം എന്നിവ ആരംഭിക്കുക, കൂടാതെ 2017-18 -ലെ 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് തൈ ഒന്നിന് 60 രൂപ നിരക്കിൽ സബ്സിഡി തുക നൽകുക എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ 1.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കാശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് അധിക ധനസഹായമായി ബഹു. വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 1.98 കോടി രൂപ വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം സർക്കാർ അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ കെ2 /160/ 2019/വ്യവ തീയതി 07.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കൽ എന്ന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.010005 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## സ്വീകരിച്ച നടപടി

കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കൽ എന്ന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 3.010005 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ IND-K3/179/2019-IND തീയതി 30.09.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

കരകൗശല മേഖലയിലെ അപ്പെക്സ് ഓർഗനൈസേഷനുള്ള സഹായത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 152.9085 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

## സ്വീകരിച്ച നടപടി

കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷനുള്ള സഹായം എന്ന പദ്ധതിക്കായി 152.9085 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ IND-K3/179/2019-IND തീയതി 30.09.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 12.6112150 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

## സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡിനു 6851-00-190-96 എന്ന ശീർഷകത്തിൽ 1 കോടി രൂപ വായ്പയായി വകയിരുത്തിയിരുന്നു. പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു 12.6112150 കോടി രൂപ കൂടി വകയിരുത്തണമെന്ന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടിക്ക് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക "വായ്പ" ഇനത്തിലായതിനാൽ സ്ഥാപനം പ്രസ്തുത ധനസഹായം സ്വീകരിക്കുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

(റഫറൻസ് നമ്പർ IND-K3/179/2019-IND തീയതി 30.09.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ആധുനിക സാങ്കേതിക ഉൽപാദന രീതികൾ ഉൾപ്പെടുത്തി കരുപ്പട്ടിയുടെ ഒരു മോഡേൺ ഉൽപാദന യൂണിറ്റ് നിർമ്മിക്കാനായുള്ള സംരംഭത്തിൽ ഫാക്ടറി ബിൽഡിംഗിനു മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന പനഉൽപന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ശർക്കര നിർമ്മാണ യൂണിറ്റ് പദ്ധതി പൂർത്തീകരിക്കുന്നതിനു 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും കമ്പനിയുടെ ആഡിറ്റ് പൂർത്തിയാകാത്തത് കാരണം ഇതേ വരെ തുക നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ IND-K3/179/2019-IND തീയതി 30.09.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കേരളത്തിൽ ലഭ്യാമാകുന്ന നെല്ല്, കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് തുടങ്ങിയ പൊതുവിതരണ ശൃംഖല വഴി ന്യായമായ വിലയിൽ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയ പദ്ധതിയായ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക

അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ കൂടി മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

കാർഷിക മേഖലയുടെ മൂല്യവർദ്ധന ലക്ഷ്യമാക്കി സർക്കാർ സംഭരിക്കുന്ന നെല്ലിന്റെ ഭൂരിഭാഗവും റൈസ് ടെക്നോളജി പാർക്കുകളിലൂടെ സംസ്കരിച്ച ബ്രാൻഡഡ് അരിയായും വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിയും വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പാലക്കാട് ജില്ലയിലും ആലപ്പുഴ ജില്ലയിലും കിൻഫ്ര റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നു.

ആലപ്പുഴ സംയോജിത റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുന്നതിനായി 21.10.2020 -ലെ സ.ഉ(സാധാ) നം.901/2020/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4860-60-102-99 എന്ന ശീർഷകത്തിൽ 66.05 കോടി രൂപയുടെ ഭരണാനുമതി തത്ത്വത്തിൽ അനുവദിച്ച് ഉത്തരവാകുകയും 20.09.2021-ലെ സ .ഉ(സാധാ)നം.1019/2021/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2021-22 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 20 കോടി രൂപ അനുവദിക്കുകയും 31.03.2020-ലെ സ .ഉ(സാധാ) നം.285/2020/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4860-60-102-99 എന്ന ശീർഷകത്തിൽ 42.30 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു.

31.03.2022-ന് സർക്കാർ റെസ്യൂം ചെയ്ത 9 കോടി രൂപ 31-05-2022-ലെ സ.ഉ(സാധാ)നം.510/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം_റിലീസ് ചെയ്ത നൽകിയിട്ടുണ്ട്. പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക് പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും 03.06.2022-ലെ സ .ഉ.(സാധാ)നം.520/2022/വ്യവ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 39.50 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് റൈസ് ടെക്നൊളജി പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കഞ്ചിക്കോടുള്ള കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിൽ ആരംഭിച്ചുകഴിഞ്ഞു . 2023 മാർച്ച് മാസത്തിൽ പൂർത്തിയാകുന്ന നിലയിൽ നിർമ്മാണം പുരോഗമിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ ഭൂമി കണ്ടെത്തി റൈസ് ടെക്നൊളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

(റഫറൻസ് നമ്പർ ജി1/110/2019-വ്യവ തീയതി 20.09.2022)

(കാലതാമസ പത്രിക 06.12.2022-ന് സഭയിൽ സമർപ്പിച്ചു)

## 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ)

### ശിപാർശ

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനവും കയറ്റുമതിയും ലക്ഷ്യമിട്ട് നടത്തുന്ന എക്സിബിഷനുകൾ , വ്യാപാരമേളകൾ എന്നിവയിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ, കൈത്തറിയുടെ പ്രചരണത്തിനായി പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾക്കും നെയ്ത്തുതൊഴിലാളി സംഗമം നടത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.23 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

### സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 2851-00-103-64(P) എന്ന ശീർഷകത്തിൽ 2.52 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ എക്സിബിഷനുകൾ /മേളകൾ എന്നിവ സംഘടിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമാണെന്നും കൈത്തറി ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022 ന് സഭയിൽ സമർപ്പിച്ചു)

### ശിപാർശ

അംശദാന സമ്പാദ്യ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

### സ്വീകരിച്ച നടപടി

റീജിയണൽ എക്സ്പോ നടത്തുന്നതിനായി മാർക്കറ്റിംഗ് എക്സ്പോർട്ട് പ്രൊമോഷൻ സ്കീം എന്ന പദ്ധതിയിൽ 2851-00-103-64 (P) എന്ന ശീർഷകത്തിൽ

75 ലക്ഷം രൂപ നടപ്പ് 2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മേളകൾ ഒന്നും നടത്താൻ കഴിയാതിരുന്നതിനാൽ പ്രസ്തുത തുകയിൽ നിന്നും 50 ലക്ഷം രൂപ അംശദാനമിതവ്യയ പദ്ധതിക്കായി റീഅപ്രോപ്രിയേറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായ പദ്ധതിയിൽ പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക് / നൂൽ ചുറ്റുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടി വേതനം നൽകുന്നുണ്ടെന്നും സ്കൂൾ യൂണിഫോം പദ്ധതിയും മറ്റ് പുതിയ പദ്ധതികളും കാരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണത്തിലും ഉൽപ്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഇപ്രകാരം പ്രസ്തുത പദ്ധതിയിൽ കൂടുതൽ ചെലവ് വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2020-21 വർഷത്തിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്ക് 2851-00-103-38 (P) ശീർഷകത്തിൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്ക് വിവിധ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ കുടിശ്ശിക ഇനത്തിൽ അനുവദിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.(ഫയൽ നമ്പർ സി2/224/2020/വ്യവ)

2021-22 സാമ്പത്തിക വർഷം Modernisation of handloom societies and promotion of value added products (2851-00-103-33) എന്ന ശീർഷകത്തിൽ ചെലവഴിക്കാതെ കിടക്കുന്ന 100 ലക്ഷം രൂപയും, റീവൈറ്റലൈസേഷൻ ഓഫ് പവർലൂം സൊസൈറ്റീസ് (2851-00-108-90) എന്ന ശീർഷകത്തിൽ ചെലവഴിക്കാതെ കിടക്കുന്ന 100 ലക്ഷം രൂപയും Weavers/allied workers

motivation programmes/ production incentive (2851-00-103-38) എന്ന ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ച് നല്കുന്നതിലേക്കായുള്ള പ്രൊപ്പോസലിൽ ധനകാര്യവകുപ്പിന്റെ 09.02.2022 തീയതിയിലെ G.O(Rt)NO.888/22/Fin പ്രകാരം അധിക ധനാനുമതി നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

പതിനെട്ടിനും നാൽപതിനുമിടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെ നെയ്ത്ത് പരിശീലിപ്പിച്ച് നെയ്ത്തുകാരാക്കി മാറ്റി ഒരു ഉപജീവനമാർഗ്ഗം നൽകുന്ന യുവ നെയ്ത്ത് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തികവർഷം യുവവീവ് പദ്ധതിയ്ക്ക് 2851-00-103-25 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വെയ്സ് & മീൻസ് അനുമതി ലഭിക്കാതെ പെന്റിംഗ് ആയ 2019-20 സാമ്പത്തിക വർഷത്തെ ബില്ലുകൾ തീർക്കുന്നതിനു 51.22 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

സംസ്ഥാനത്തെ 64 താലൂക്കുകളിലും കുറഞ്ഞത് 15 മുതൽ 25 പേർ അടങ്ങിയ കശുമാവ് കർഷകരുടെ കൂട്ടായ്മ ആരംഭിക്കുന്നതിന് 16 ലക്ഷം രൂപയു കശുമാവ് കർഷകർക്കുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ പബ്ലിസിറ്റി, മിഷൻ മാനേജ്മെന്റ്, ഡിജിറ്റൈസേഷൻ എന്നീ ഘടകങ്ങൾക്കായി 65 ലക്ഷം രൂപ കൂടി ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 81 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

## സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 81 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടില്ല..

(റഫറൻസ് നമ്പർ എകെ2/30/2022/വ്യവ തീയതി 22.06.2022)

(കാലതാമസ പത്രിക 20.07.2022 -ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളുടെ ആധുനിക -വത്കരണത്തിനും നവീകരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ധനപുനഃ-വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത മൂലം പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടില്ല..

(റഫറൻസ് നമ്പർ എകെ2/30/2022/വ്യവ തീയതി 22.06.2022)

(കാലതാമസ പത്രിക 20.07.2022 -ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

കാപ്പക്സിൽ നിന്നും 2018 വരെ വിരമിച്ച ശേഷം ജീവനോപാധികൾക്ക് മറ്റ് വഴികളില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നൽകുവാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയായ 11.05 കോടി രൂപയും കാപ്പക്സ് സ്വകാര്യ ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് മുമ്പുള്ള ഗ്രാറ്റുവിറ്റി വിവിധ കോടതികളിൽ നിന്നും ലഭ്യമായ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പലിശ നൽകാതെ മുതൽ മാത്രം നൽകുന്നതിനായി 1.19 കോടി രൂപയും, വിവിധ കോടതികളിൽ നിലനിൽക്കുന്ന

ഗ്രാറ്റുവിറ്റി കേസുകളുടെ അടിസ്ഥാനത്തിൽ ഏകദേശം 2 കോടി രൂപയും ചേർത്ത് ആകെ 14.24 കോടി രൂപ ബാധ്യതയുള്ളതായി സമിതി മനസിലാക്കുന്നു. പ്രസ്തുത കുടിശ്ശിക തീർക്കുന്നതിനായി മേൽ ശീർഷകത്തിൽ 14.24 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

കാപ്പക്സിന് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14.24 കോടി രൂപ അധികമായി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ അപര്യാപ്തത കാരണം പ്രസ്തുത തുക 2020-21 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിരുന്നില്ല. എന്നാൽ കാപ്പക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിലെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് 2016 മുതൽ 2020 വരെയുള്ള കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനും മുൻകാല ഉടമകളുടെ സമയത്തുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക ആവശ്യപ്പെട്ടുള്ള കോടതി കേസുകളിൽ തൊഴിലാളികൾക്ക് അനുകൂലമായി വിധി വന്ന വകയിലും ആകെ 9.57 കോടി രൂപ 17.08.2021 തീയതിയിലെ സ.ഉ. (സാധാ)നം.879/2021/വ്യവ പ്രകാരം 2021-22 സാമ്പത്തിക വർഷം കാപ്പക്സിന് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ എകെ2/30/2022/വ്യവ തീയതി 22.06.2022)

(കാലതാമസ പത്രിക 20.07.2022 -ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും കൈത്തറി സ്കൂൾ ഇതര ഉൽപ്പന്നങ്ങൾ നെയ്യുമ്പോൾ സ്ഥിരമായ ജോലിയും ഉയർന്ന വരുമാനവും ലഭിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിപണിയിൽ ആവശ്യമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മുൻകൂട്ടി നൂലും കൂലിയും നൽകി ഹാന്റക്സ് വഴി ഉൽപാദിപ്പിച്ച് വിപണനം നടത്തുന്ന ഈ പദ്ധതിയിൽ കുറഞ്ഞത് 5000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

കൈത്തറി സുരക്ഷ പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 4851-00-195-95 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150 ലക്ഷം രൂപയ്ക്ക്

11.06.2020 തീയതിയിലെ സ .ഉ.(സാധാ)നം.409/2020/വ്യവ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24.03.2021-ലെ സ .ഉ. (സാധാ)നം.380/2021/വ്യവ പ്രകാരം 1 കോടി രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

ഈ പദ്ധതി നടപ്പിലാക്കുന്നത് ഹാന്റക്സ് (കേരള സംസ്ഥാന നെയ്ത്തു സഹകരണ സംഘം ക്ലിപ്തം) മുഖാന്തരമാണെന്നും എന്നാൽ ബഡ്ജറ്റ് രേഖയിൽ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ എന്നാണ് കാണിച്ചിരിക്കുന്നത് എന്നും നിരീക്ഷിച്ച സമിതി ആയത് ഭേദഗതി വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു,

(ഖണ്ഡിക 31)

## സ്വീകരിച്ച നടപടി

കൈത്തറി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത് ഹാന്റക്സ് (കേരള സംസ്ഥാന നെയ്ത്തു സഹകരണ സംഘം ക്ലിപ്തം) മുഖാന്തിരമാണ്. എന്നാൽ ബഡ്ജറ്റ് രേഖയിൽ ഹാന്റക്സിന് പകരം കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ എന്നു തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു . 27.01.2021 തീയതിയിലെ ജി.ഒ(ആർ.റ്റി)നം.713/21/വ്യവ നമ്പർ ജി.ഒ പ്രകാരം ബഡ്ജറ്റ് രേഖയിൽ കൈത്തറി സുരക്ഷാപദ്ധതി നടപ്പിലാക്കുന്നത് കേരള സംസ്ഥാന നെയ്ത്തു സഹകരണ സംഘം ക്ലിപ്തം എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതുവരെയുള്ള പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 30 കോടി രൂപയിൽ നിന്നു തന്നെ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ആവശ്യമായി വന്ന തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫറൻസ് നമ്പർ എച്ച്1/94/2020-വ്യവ തീയതി 12.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

കണ്ണൂർ ജില്ലയിലെ പാലക്കോട് കടപ്പുറത്തെ അഴിമുഖത്ത് അടിഞ്ഞുകൂടികിടക്കുന്ന മണൽത്തിട്ട നീക്കം ചെയ്യുന്ന പദ്ധതിക്കായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

## സ്വീകരിച്ച നടപടി

കെ‌ംഡലിന് 2020-21 വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും, ലംപ്സം ഹെഡിൽ നിന്ന് 50 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ച് 18/10/2020-ലെ സ .ഉ. (സാധാ)നം.886/20/വ്യവ ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ പാലക്കോട് കടപ്പുറത്തെ അഴിമുഖത്ത് അടിഞ്ഞുകൂടികിടക്കുന്ന മണൽത്തിട്ട നീക്കം ചെയ്യുന്ന പദ്ധതിയ്ക്കായി കെംഡലിന് അനുവദിച്ചിട്ടുണ്ട്

(റഫറൻസ് നമ്പർ എച്ച്1/94/2020-വ്യവ തീയതി 12.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

158 ഓളം മരുന്നുകൾ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നോൺ ബീറ്റാലാക്ടം പ്ലാന്റിലൂടെ മരുന്ന് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മരുന്ന് നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി WHO, GMP മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

## സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ്

ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 20 കോടി രൂപയിൽ നിന്നും പ്രസ്തുത വർഷം പദ്ധതി നടത്തിപ്പിലേക്കാവശ്യമായി വന്ന ചെലവുകൾ വഹിക്കാൻ കഴിഞ്ഞതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(റഫറൻസ് നമ്പർ എച്ച്1/94/2020-വ്യവ തീയതി 12.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കുണ്ടറ യൂണിറ്റിലെ ഇലക്ട്രിക്കൽ വാഹനങ്ങളുടെ മോട്ടോറുകളുടെ ഉത്പാദനം നടത്തുന്നതിനും റെയിൽവേക്ക് ആവശ്യമായ ട്രക്ഷൻ പ്രോട്ടോടൈപ്പ് മോട്ടോറിന്റെ ഉത്പാദനത്തിനും പ്ലാന്റിന്റെ നിർമ്മാണത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി1/107/2020-വ്യവ തീയതി 08.03.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 18 എണ്ണം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന പ്രവണതയ്ക്ക് മാറ്റം വരേണ്ടതുണ്ടെന്നും ഉത്പന്ന വൈവിധ്യവത്കരണത്തിലൂടെ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ സാന്നിധ്യം അറിയിക്കുവാനും അതുവഴി സാമ്പത്തിക സ്വയംപര്യാപ്തത നേടാനും ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു ഇതിനായി ഓരോ സ്ഥാപനത്തിലും നടപ്പിലാക്കാൻ കഴിയുന്ന നവീകരണ വിപുലീകരണ പദ്ധതികൾ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

## സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 41 പൊതുമേഖലാ-സ്ഥാപനങ്ങളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ലാഭത്തിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ഭാവി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളും പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ മുമ്പോട്ടുള്ള പ്രവർത്തനത്തിന് ഉത്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം , വിപുലീകരണം എന്നിവയ്ക്ക് പ്രാമുഖ്യം നൽകി ഹ്രസ്വകാല, ഇടക്കാല , ദീർഘകാല പദ്ധതികൾ ഉൾപ്പെടുന്ന 9467.35 കോടി രൂപയുടെ പദ്ധതികളാണ് മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥായിയും സുസ്ഥിരവുമായ വളർച്ച ലക്ഷ്യമിട്ട് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികളുടെ സാങ്കേതിക - സാമ്പത്തിക ക്ഷമത ഉറപ്പുവരുത്തുന്നതിനായി ഈ മേഖലയിലെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കി സ്ഥാപങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരികയാണ്.

(റഫറൻസ് നമ്പർ എച്ച്1/94/2020-വ്യവ തീയതി 12.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

കൈത്തറി മേഖലയിലുള്ള തൊഴിലാളികളുടെയും കുടുംബത്തിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാര സംരക്ഷണത്തിനും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും നല്ല പോഷകാഹാരം ലഭ്യമാക്കുന്നതിനും മാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിനുമുള്ള കൈത്തറി കുടുംബക്ഷേമ പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് ആയതിലേയ്ക്ക് 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

## സ്വീകരിച്ച നടപടി

കൈത്തറി കുടുംബക്ഷേമ പദ്ധതിയ്ക്കായി 2021 ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 2851-00-103-22 എന്ന ഒരു പുതിയ ശീർഷകം തുറന്നു ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

സംസ്ഥാനത്തെ മൊത്തം 17 സ്പിന്നിംഗ് മില്ലുകളുടെയും പ്രവർത്തന മൂലധനത്തിന് വൈദ്യുതി കുടിശ്ശികയും മറ്റുംമൂലം പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സ്പിന്നിംഗ് മില്ലുകളുടെ ഉപയോഗശൂന്യമായ കെട്ടിടവും സ്ഥലവും പ്രയോജനപ്പെടുത്തി സൗരോർജ്ജ നിർമ്മാണം നടത്തുകയാണെങ്കിൽ വൈദ്യുതി ചാർജിൽ ഇളവ് ലഭിക്കുകയും പ്രവർത്തന മൂലധനം ലഭിക്കുകയും ചെയ്യുമെന്നതിനാൽ പ്രസ്തുത പദ്ധതിക്കായി പുതിയ ശീർഷകമനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു,

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിലുള്ള 7 യൂണിറ്റുകളിലും വൈദ്യുതി കുടിശ്ശിക അടച്ചുതീർക്കാൻ സാധിക്കാതെ പ്രതിസന്ധി നേരിടുകയാണ്. ആയതിലേയ്ക്ക് സമിതി നിർദ്ദേശിച്ച പ്രകാരം കോർപ്പറേഷന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ സൗരോർജ നിർമാണ പദ്ധതിയെ സ്വാഗതം ചെയ്യുന്നു.

കോർപ്പറേഷന് കീഴിലുള്ള മില്ലുകളിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഭാവിയിൽ സ്ഥാപനത്തിന്റെ വിപുലീകരണ പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്. ആയതിനാൽ, മില്ലുകളുടെ കോൺക്രീറ്റ് നിർമ്മിതമായ ഫ്ലാറ്റ് മേൽക്കൂരകൾ സോളാർ പദ്ധതിക്കാവശ്യമായ സജ്ജീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഈ ഇനത്തിൽ 1309 സ്ക്വയർ മീറ്റർ ഫ്ലാറ്റ് മേൽക്കൂര മില്ലുകളിൽ നിലവിലുണ്ട്. ഈ സ്ഥലം ഫലവത്താകുന്ന രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

**സീതാറാം ടെക്സ്റ്റൈൽസ്**

സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിൽ വൈദ്യുതി കുടിശ്ശിക അടച്ചു തീർക്കാൻ സാധിക്കാതെ പ്രതിസന്ധി നേരിടുകയാണ്. ആയത്തിലേക്ക് സമിതി നിർദ്ദേശിച്ച പ്രകാരം പദ്ധതിയെ സ്വാഗതം ചെയ്യുന്നു . മില്ലിലെ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടം സോളാർ പദ്ധതിക്കാവശ്യമായ സജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.

**ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്**

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ഏകദേശം എൺപതിനായിരം ചതുരശ്ര അടി കെട്ടിടത്തിന്റെ മേൽക്കൂരകൾ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണ്. കമ്പനിക്കു നാളിതുവരെ വൈദ്യുതി ഇനത്തിൽ 127 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്. ആയതിനാൽ, കമ്പനിയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി IV (വ്യവസായം ധാതുക്കളും)(2020-21)

വർഷത്തെ_ധനാഭ്യർത്ഥനകളുടെ പരിശോധനകൾ സംബന്ധിച്ചുള്ള അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 44-ൽ പറഞ്ഞിട്ടുള്ളതുപോലെ പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തുന്ന വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പിനോട് അഭിപ്രായം ആരാഞ്ഞിരുന്നു.

എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്താൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിക്കുകയും അടുത്ത വർഷത്തെ പദ്ധതിയിൽ പ്രസ്തുത തുക ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സ്പിന്നിംഗ് മില്ലുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയതിന്മേൽ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സോളാർ പ്ലാന്റിന് തുക വകയിരുത്തുവാൻ നിർവ്വാഹമില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ തുക ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചു വരികയാണ് . സംസ്ഥാനത്തെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായുള്ള മാസ്റ്റർ പ്ലാൻ റിയാബ് മുഖേന തയ്യാറാക്കി വരുന്നുണ്ട്.

(റഫറൻസ് നമ്പർ സി2/63/2020/വ്യവ തീയതി 20.04.2022)

(കാലതാമസ പത്രിക 28.06.2022-ന് സഭയിൽ സമർപ്പിച്ചു)

## 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം.11955/സബ്.സി,ബി2/2021/നി.സെ )

### ശിപാർശ

കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും പ്രചരണം, വിൽപ്പനശാലകളുടെ നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, നൂതന വിപണന തന്ത്രങ്ങൾ, ഇ-കോമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്കും

കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കയർ മേഖലയിൽ ധനസഹായം നൽകുന്നതിനും ഉൽപ്പാദനം വർദ്ധിച്ചതിനാൽ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളുടെ ക്ലെയിം സെറ്റിൽ ചെയ്യുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുന്നതിലേക്കായി കയർ വികസന ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

<u>ശിപാർശ</u>

കയർ മേഖലയിൽ കയറുൽപ്പന്നങ്ങളുടെ സ്ഥായിയായ ഉൽപ്പാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക സഹകരണ സംഘങ്ങളും, അപ്പെക്സ് സൊസൈറ്റികളും , പൊതുമേഖലാ സ്ഥാപനങ്ങളും മുഖാന്തരം കയറിന്റെയും പി.വി.സി.റബ്ബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതിയും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായും പാരമ്പര്യ കയർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം എന്നിവയ്ക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസിലാക്കുന്ന സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

സ.ഉ.(സാധാ)നം.1102/22/ധന തീയതി 16.02.2022 സർക്കാർ ഉത്തരവ് പ്രകാരം 7.74 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

<u>ശിപാർശ</u>

കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതയ്ക്കുവേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 3000 ടൺ കയർ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഇതിനാവശ്യമായ

ചകിരിയും മറ്റ് ഉൽപ്പന്നങ്ങളും ചെലവിന് അനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽ നിന്നും സംഭരിക്കുന്നതിനും അനുബന്ധ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോളവിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും നിയമാനുസൃത കൂലി ഉറപ്പാക്കുന്നതിനും ഈ ശീർഷകത്തിൽ അധിക തുക ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 52 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

18 കോടി രൂപയുടെ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു-വെങ്കിലും ടി ചെലവ് 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ
(Rs.38 crore) നിന്ന് കണ്ടെത്താൻ ധനവകുപ്പ് നിർദ്ദേശിച്ചിരുന്നു.

നടപ്പു സാമ്പത്തിക വർഷത്തിൽ (2022-23) 15 കോടി രൂപ 2851-00-106-34(P) ശീർഷകത്തിൽ നിന്നും സ.ഉ.(സാധാ)നം.356/2022/വ്യവ തീയതി 25.04.2022 പ്രകാരം അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

<u>ശിപാർശ</u>

കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വേതനത്തിന്റെ ഒരു ഭാഗം പരമാവധി പ്രതിമാസം 5000 രൂപ സർക്കാർ ഗ്രാന്റായി നൽകി വരുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്നതിനും കയർ സഹകരണ സംഘം ജീവനക്കാരുടെ മിനിമം വേതനം ഉറപ്പാക്കുന്നതിനും തുക ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും ധന-സാമ്പത്തിക ആസൂത്രണകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടില്ല .

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

## ശിപാർശ

കയർ വ്യവസായത്തിന്റെ രണ്ടാം ഘട്ട പുനഃസംഘടനയുടെ ഭാഗമായി പള്ളിപ്പുറം ഡെവലപ്പ്മെന്റ് ഏരിയയിൽ കയർ വികസന വകുപ്പിന് അനുവദിച്ചുകൊണ്ട് ഉത്തരവായ 10 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി നാളിതുവരെ കെ.എസ്.ഐ.ഡി.സി -ക്ക് ചെലവായിട്ടുള്ള തുക നൽകുന്നതിനും സർക്കാർ നൽകേണ്ടതായ മറ്റ് കുടിശ്ശിക അടച്ച് തീർത്ത് ഭൂമി കയർ വികസന വകുപ്പിന്റെ പൂർണ്ണ ഉടമസ്ഥാവകാശത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ഭൂമിയിൽ അടിയന്തരമായി ചെയ്തുതീർക്കേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായുള്ള പുതിയ പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ ആരംഭിക്കുന്നതിനും കുടിശ്ശിക തീർത്ത് ഭൂമി ഏറ്റെടുക്കുന്നതിനും ലാന്റ് ഡെവലപ്മെന്റിനുമായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലേക്കായി കയർ വികസന ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

## ശിപാർശ

കയർ വ്യവസായത്തിന്റെ രണ്ടാം ഘട്ട പുനഃസംഘടനയുടെ ഭാഗമായി കണിച്ചുകുളങ്ങരയിൽ കയർ വികസന വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ബൈൻഡർലെസ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ഫാക്ടറിക്ക് യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും റിസർച്ച് & ഡെവലപ്പ്മെന്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.9999 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലേക്കായി കയർ വികസന ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

ശിപാർശ

കയർ വ്യവസായത്തിന്റെ രണ്ടാം ഘട്ട പുനഃസംഘടനയിലെ പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നായ കയർ രംഗത്ത് നൂതന ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കുക, പരമ്പരാഗത ഉത്പന്നങ്ങളായ കയർ യാണിനും മാറ്റ്സ് & മാറ്റിംഗ്സ് ഉത്പന്നങ്ങൾക്കും വിപണി വിപുലീകരിക്കുക, ഈ കാലഘട്ടത്തിൽ ഏറെ സാധ്യതകളുള്ള നീഡിൽ ഫെൽറ്റ് ഉത്പന്നങ്ങളും ടഫ്റ്റഡ് ഉത്പന്നങ്ങളും മാർക്കറ്റിൽ എത്തിക്കുക തുടങ്ങിയവ കേരളത്തിലെ കയർ വ്യവസായ വികസനത്തിന് അനിവാര്യമാണെന്ന് സമിതി മനസിലാക്കുന്നു. ഈ ആവശ്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആസ്തികൾ സൃഷ്ടിക്കുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 9.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലേക്കായി കയർ വികസന ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല..

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

ശിപാർശ

ഐ.എസ്.ആർ.ഒ-യുടെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന സൂപ്പർ കപ്പാസിറ്റർ നിർമ്മാണ പദ്ധതി കേന്ദ്ര സർക്കാരിന്റെ ഇൻസെന്റീവ് ലഭിക്കുന്നതിന് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി മെഷീനറികൾ വാങ്ങുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6.96 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിക്കേണ്ടി വന്നിട്ടില്ലാത്തതിനാൽ കമ്പനിയ്ക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/162/2021/വ്യവ തീയതി 23.04.2022)

## ശിപാർശ

കയർ വ്യവസായ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും യന്ത്രവൽക്കരണം, പ്രവർത്തന മൂലധന സഹായം, സാങ്കേതികവിദ്യ പ്രാപ്തി , വിപണി വികസനം, പ്രൊഫഷണൽ വികസനം, കാര്യശേഷി വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി NCDC സഹായത്തോടെ കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചിരുന്ന 200 കോടി രൂപയിൽ 110 കോടി രൂപ 2020-21 വരെ ലഭിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, പദ്ധതി പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ അവശേഷിക്കുന്ന 90 കോടി രൂപ NCDC യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സ്വീകരിച്ച നടപടി

NCDC-യിൽ നിന്നും ബാക്കി ലഭിക്കാനുള്ള 90 കോടി രൂപയിൽ 30 കോടി രൂപ 2021-22 സാമ്പത്തിക വർഷം ധനപുനഃവിനിയോഗം വഴി സ.ഉ. (സാധാ)നം.2412/22/ധന തീയതി 26.03.2022 പ്രകാരം അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

## ശിപാർശ

കോപ്പറാസ് റിക്കവറി പ്ലാന്റ്, ഫൈബർ ഗ്രേഡ് പ്ലാന്റ് എന്നിവയുടെ പ്രവർത്തനം, സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെ നവീകരണം , മുതലായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതികൾക്കായി 11.79 കോടി രൂപയും മാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന, എഫ്ലുവെന്റിനെ ഉപ ഉത്പന്നങ്ങളായി മാറ്റുന്ന പദ്ധതിക്കായി 40 കോടി രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 51.79 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

## സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക

തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(റഫറൻസ് നമ്പർ വ്യവ.എച്ച് 1/111/2022-വ്യവ തീയതി 10.07.2022)

ശിപാർശ

മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വാളയാറിലെയും ചേർത്തലയിലെയും പ്രവർത്തന മൂലധനത്തിനും മറ്റ് ചെലവുകൾക്കും തുക ആവശ്യമായിരുന്നതിനാൽ മുൻ വർഷങ്ങളിൽ മലബാർ സിമന്റ്സിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്ഥലത്ത് 0.3 ദശലക്ഷം ടൺ ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുന്ന പദ്ധതിക്ക് മൂലധനച്ചെലവ് കണ്ടെത്താൻ സാധിച്ചിരുന്നില്ല. ആയതിനാൽ, മേൽ പദ്ധതിക്കായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 58.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിരുന്നു. സാങ്കേതികവും ഭരണപരവുമായ കാരണങ്ങളാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാതെ വന്നതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യകത വന്നില്ല.

(റഫറൻസ് നമ്പർ വ്യവ.എച്ച് 1/111/2022-വ്യവ തീയതി 10.07.2022)

ശിപാർശ

125 ഓളം കുത്തിവയ്പ് മരുന്നുകളുടെയും നേത്രശുശ്രൂഷ മരുന്നുകളുടെയും രൂപവൽക്കരണത്തിനായി നിയമാനുസൃത ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 16.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായി വന്ന തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ

സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള അധിക തുകയുടെ ആവശ്യകത വന്നില്ല.

(റഫറൻസ് നമ്പർ വ്യവ.എച്ച് 1/111/2022-വ്യവ തീയതി 10.07.2022)

## ശിപാർശ

ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽ ഡ്രൈ ക്യൂവർ സാങ്കേതികവിദ്യ ഉപയോഗിച്ച് എക്സ്.എൽ.പി.ഇ. കേബിളുകളുടെ നിർമ്മാണം ലക്ഷ്യമിടുന്ന പദ്ധതി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

## സ്വീകരിച്ച നടപടി

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായി വന്ന തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(റഫറൻസ് നമ്പർ വ്യവ.എച്ച് 1/111/2022-വ്യവ തീയതി 10.07.2022)

## ശിപാർശ

ടെൽക്കിൽ വി.പി.ഡി.-യും ക്രെയിൻ ആധുനികവൽക്കരണവും നടപ്പിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

## സ്വീകരിച്ച നടപടി

ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (ടെൽക്) 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള അധിക തുകയുടെ ആവശ്യകത വന്നില്ല.

(റഫറൻസ് നമ്പർ വ്യവ.എച്ച് 1/111/2022-വ്യവ തീയതി 10.07.2022)

## ശിപാർശ

ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് 3 ടൺ ഓപ്പൺ ഡൈ ഫോർജിംഗ് ഹാമ്മറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് 14.08.2020-ലെ ഭരണാനുമതി പ്രകാരം 3 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 1.5 കോടി രൂപ മാത്രം ലഭിച്ചിട്ടുള്ളതിനാൽ മുൻ വർഷം ലഭിക്കാതിരുന്ന 1.5 കോടി രൂപ ഈ വർഷം അധികമായി അനുവദിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/102/2021/വ്യവ തീയതി 19.05.2022)

## ശിപാർശ

ഇലക്ട്രിക് വാഹനത്തിന്റെ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് നടത്തുന്നതിനും ഓട്ടോമോട്ടീവ് വാഹനങ്ങൾ ഓരോ വർഷവും പുതിയ മോഡൽ നിരത്തിലിറക്കി വൻകിട നിർമ്മാതാക്കളുമായി മത്സരിക്കുന്നതിന് പുതിയ ഇലക്ട്രിക് സ്കൂട്ടർ, ഇലക്ട്രിക് ഓട്ടോ , ഇലക്ട്രിക് കാർഗോ വാഹനം, ഇലക്ട്രിക് റിക്ഷ, ഇലക്ട്രിക് ബസ് എന്നിവ നിർമ്മിക്കുക, ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ ടെസ്റ്റിംഗ് സൗകര്യം ഒരുക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കണമെന്ന നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/162/2021/വ്യവ തീയതി 23.04.2022)

## ശിപാർശ

എൽ.എച്ച്.ബി. ബോഗി നിർമ്മാണത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ആട്ടോമേറ്റഡ് മെഷീൻ മോൾഡിംഗ് ലൈൻ സ്ഥാപിക്കുന്നതിനും കോവിഡ് കാലയളവിൽ കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിനും പ്രവർത്തനം തുടരുന്നതിനും കമ്പനിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും സുഗമമായ പ്രവർത്തനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 43.935 കോടി രൂപ അധികമായി_വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/102/2021/വ്യവ തീയതി 19.05.2022)

## ശിപാർശ

ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിൽ ഗിയർ ഗ്രൈൻഡിംഗ് , ബോർ ഗ്രൈൻഡിംഗ് , കോഡിനേറ്റ് മെഷറിംഗ് മെഷീനുകൾ വാങ്ങുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/102/2021/വ്യവ തീയതി 19.05.2022)

## ശിപാർശ

2019-20-ൽ ഭരണാനുമതി ലഭിച്ച കരകുളം , അരൂർ യൂണിറ്റുകളിൽ ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുതനിലയം സ്ഥാപിക്കുന്നതിനും മൂടാടി യൂണിറ്റിൽ ശ്രവണ സഹായികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന

സാങ്കേതിക മെഷീനുകൾ സ്ഥാപിക്കുന്നതിനും 2020-21-ൽ ഭരണാനുമതി ലഭിച്ച മൺവിളയിലെ കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സിലെ കമ്മ്യൂണിക്കേഷൻ പ്രോജക്റ്റ് ഗ്രൂപ്പിന്റെ സുരക്ഷാ നിരീക്ഷണ പദ്ധതിക്കുവേണ്ടിയുള്ള ക്യാമറ അസ്സംബ്ലി സംവിധാനം സ്ഥാപിക്കുന്നതിനും കരകുളത്തെ പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പിനെ നവീകരിച്ച് പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനും ഇലക്ട്രോണിക് കോംപണന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പൾസ് ഓക്സീമീറ്റർ , മെഡിക്കൽ ഓക്സിജൻ കോൺസൺട്രേറ്റർ എന്നിവയുടെ നിർമ്മാണത്തിനും വാണിജ്യ-വത്കരണത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കണമെന്ന നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/162/2021/വ്യവ തീയതി 23.04.2022)

<u>ശിപാർശ</u>

കെ.സി.സി.പി.-യുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 2018-19-ൽ ഭരണാനുമതി നൽകിയ കോക്കനട്ട് പ്രോസസ്സിംഗ് പ്ലാന്റ്, കയർ ഡീഫൈബറിംഗ് മാനുഫാക്ച്ചറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ ഈ ശീർഷകത്തിൻ കീഴിൽ ഈ ഘടകത്തിൽ വകയിരുത്തിയ 3 കോടി രൂപ അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ഈ ഘടകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 13.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം കെ.സി.സി.പി. ലിമിറ്റഡിന് 13 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത സാമ്പത്തിക വർഷത്തിൽ കമ്പനി നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(റഫറൻസ് നമ്പർ വ്യവ.എച്ച് 1/111/2022-വ്യവ തീയതി 10.07.2022)

ശിപാർശ

കയർ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമിട്ട് രൂപീകരിച്ച ഉന്നതാധികാരസമിതിയായ കയർ അപ്പെക്സ് ബോഡിയുടെ പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 2851-00-106-35 കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡി എന്ന ശീർഷകം അനുവദിച്ചിരുന്നതായും എന്നാൽ ഈ ബഡ്ജറ്റിൽ ശീർഷകം ഉൾപ്പെടുത്തിയിട്ടില്ലായെന്നും സമിതി മനസിലാക്കുന്നു. കയർ അപ്പക്സ് ബോഡിയുട പ്രവർത്തനം ആവശ്യമായതിനാൽ മേൽ ശീർഷകം പുനഃസ്ഥാപിച്ച് അപ്പക്സ് ബോഡിയുടെ പ്രവർത്തനങ്ങൾക്കായി ഉപധനാഭ്യർത്ഥന വഴി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

സ.ഉ(സാധാ)നം.977/2021/വ്യവ. തീയതി 09.09.2021 സർക്കാർ ഉത്തരവ് പ്രകാരം അപ്പെക്സ് ബോഡി (കയർ)-യുടെ പ്രവർത്തനങ്ങൾക്കായി 2851-00-106-35 അപ്പെക്സ് ബോഡി ഫോർ കയർ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ഇ 2/131/2021/വ്യവ തീയതി 19.07.2022)

## അദ്ധ്യായം VII

### സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

ഇല്ല

**പി. രാജീവ്**

തിരുവനന്തപുരം,<br>2023 സെപ്തംബർ 12

ചെയർമാൻ,<br>സബ്ജക്ട് കമ്മിറ്റി IV.

# അനുബന്ധം

## 2022 ഏപ്രിൽ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ഏപ്രിൽ 12-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5 എ'സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം, വ്യവസായം, കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. വി. ശശി, എം. എൽ. എ.
2. ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. പി.സി. വിഷ്ണുനാഥ്, എം. എൽ. എ.
4. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.
5. ശ്രീ. മഞ്ഞളാംകുഴി അലി,എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
6. ശ്രീ.കെ. ബാബു(നെന്മാറ),എം.എൽ.എ.(വീഡിയോ കോൺഫറൻസ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. കെ.ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ. എം, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സജീവൻ. പി.കെ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി,
   വ്യവസായം &നോർക്ക വകുപ്പ്
2. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി,
   വ്യവസായ വകുപ്പ്.
3. ശ്രീ. കെ. അശോകൻ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
4. ശ്രീമതി എൻ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ഡോ.കെ.എ. രതീഷ്, സെക്രട്ടറി, കേരള ഖാദി ബോർഡ്.
6. ശ്രീ. പ്രദീപ് കുമാർ. കെ. എസ്, ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ്
7. ശ്രീ. രാജീവ്. ജി, ജോയിന്റ് ഡയറക്ടർ,
   ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്.
8. ശ്രീ. ഷിബു. ജി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. സുനിൽ മാത്യു കെ., സി.എഫ്.ഒ, ഹാൻവീവ്,കണ്ണൂർ.
10. ശ്രീ. പി. വി. ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ,
    കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്.

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായവകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് , കൈത്തറി ടെക്സ്റ്റയിൽസ് വകുപ്പ്, കയർ വികസന വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2851-00-001-93- കപ്പാസിറ്റി ബിൽഡിംഗ് / ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി

2022-23 വർഷം സംരംഭക വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായുള്ള വിവിധ പരിപാടികൾക്കും കപ്പാസിറ്റി ബിൽഡിംഗ് /ഊർജ്ജിതവ്യവസായവൽക്കരണ പരിപാടി പദ്ധതിയിലെ പൊതുവായ പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-102-25 (01)- നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാൻറ് - അതിസൂക്ഷ്മ വ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി സഹായം

2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന പാദം നടപ്പിലാക്കി തുടങ്ങിയ നാനോ സംരംഭങ്ങൾക്ക് മാർജിൻമണി ഗ്രാന്റ് നൽകുന്ന പദ്ധതിയ്ക്ക് സംരംഭകർക്കിടയിൽ വലിയ സ്വീകാര്യതയുള്ളതിനാലും, അപേക്ഷകളുടെ ബാഹുല്യം കാരണവും, ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## കേരള ഖാദിഗ്രാമവ്യവസായ ബോർഡ്

2851-00-105-99-31- കേരള ഖാദിഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ- സഹായധനം - ശമ്പളം

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും കൂടി നൽകേണ്ടതുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 81.69 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2851-00-105-96-33 - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് - ഖാദിയുടെ ചില്ലറ

വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് - സബ്സിഡികൾ

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്**

2851-00-105-95-10 - കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായം നൽകണമെന്നതിനാലും, നിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 11.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്**

4851-00-190-99 - കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങള്

കേരള കൈത്തറി വികസന കോർപ്പറേഷൻ ആധുനികവൽക്കരണത്തിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ആദ്യ രണ്ടു വർഷത്തെ , അത്യാവശ്യമായ പദ്ധതികളായ കമ്പ്യൂട്ടറൈസേഷൻ, ഷോറൂം നവീകരണം മുതലായവയ്ക്കായി 3.5 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-103-38 – നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ /നൂൽ ചുറ്റുന്നവർക്ക് നൽകി വരുന്ന പ്രോത്സാഹന ധന സഹായ പദ്ധതിയായ പ്രൊഡക്ഷൻ ഇൻസെന്റീവ് 2018-19 മുതലുള്ള കുടിശ്ശിക നൽകാനുണ്ടെന്നും കൂടാതെ 16 കോടിയിൽപ്പരം രൂപയ്ക്കുള്ള പ്രോത്സാഹന ധനസഹായ അപേക്ഷകൾ പരിഗണിക്കേണ്ടതുണ്ടെന്നും മനസ്സിലാക്കിയ സമിതി, നടപ്പു സാമ്പത്തിക വർഷം തന്നെ കുടിശ്ശിക നൽകുന്നതിനും അപേക്ഷകൾ തീർപ്പാക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-103-43 – അംശദാന മിതവ്യയ ഫണ്ട്

കൈത്തറി തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ വിവാഹം , കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത ശീർഷകത്തിൽ 2022-23 ലെ അപേക്ഷകളും കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർ

ഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**<u>കയർ വികസന വകുപ്പ്</u>**

2851-00-106-54 – <u>ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം</u>

2022-23 സാമ്പത്തിക വർഷത്തിൽ 31500 ടൺ കയർ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതിനാലും കയർ വിലയുടെ 10% വിപണന പ്രചോദനമായി സംഘങ്ങൾക്ക് നൽകേണ്ടതുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-106-35 – <u>കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡി</u>

കയർ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമിട്ട് രൂപീകരിച്ച ഉന്നതാധികാര സമിതിയായ കയർ അപ്പക്സ് ബോഡിയുടെ ഓഫീസിന്റെ പ്രവർത്തന ചെലവിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-106-26 – <u>കയർ ഉദ്പാദിപ്പിക്കുന്ന സംഘങ്ങളുടെ പുന:സംഘടനയും മാനേജീരിയൽ സബ്സിഡിയും</u>

കയർ രണ്ടാം പുന:സംഘടന പദ്ധതിയുടെ ഭാഗമായി കയർ സഹകരണ സംഘങ്ങളുടെ സെക്രട്ടറിമാർക്ക് നൽകി വരുന്ന വേതനത്തിന്റെ ഒരു ഭാഗം സർക്കാർ ഗ്രാന്റായി നൽകി വരുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.15 ന് പിരിഞ്ഞു

## 2022 ഏപ്രിൽ 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ഏപ്രിൽ 21-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
2. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
3. ശ്രീ. വി. ശശി, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
4. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.(വീഡിയോ കോൺഫറൻസ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ.ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സജീവൻ പി.കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. രാജേഷ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ (കശുവണ്ടി)വകുപ്പ്.
2. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
3. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ഡോ. ഷീല തോമസ്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്.
6. ശ്രീ. എം. ജി. രാജമാണിക്യം, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.
7. ശ്രീമതി ഇന്ദു വിജയൻ, മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്/ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്.
8. ശ്രീ. ജോർജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.
9. ശ്രീ. ചന്ദ്രബോസ് ജെ., മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്.
10. ശ്രീ. റ്റി. ജി. ഉല്ലാസ്‌കുമാർ, മാനേജിംഗ് ഡയറക്ടർ, സിൽക്ക്.
11. ശ്രീ. കെ. ഹരികുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് &

ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്/ മലബാർ സിമന്റ്സ് ലിമിറ്റഡ്.

12. ശ്രീ. വി. കെ. പ്രവിരാജ്, മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്.

13. കമാൻഡർ പി. സുരേഷ് (റിട്ടയേർഡ്) മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.

14. ശ്രീ. കെ. ജി. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.

15. ഡോ.രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

16. ശ്രീ. അനാകയ് ബാലകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട് ലിമിറ്റഡ്.

17. ശ്രീ. സജീവ്.പി.പി, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്.

18. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്.

19. ശ്രീ. സതീഷ് കുമാർ പി., ഡയറക്ടർ, കേരളാ സിറാമിക്സ് ലിമിറ്റഡ്.

20. ഡോ. ആർ അശോക്, ചെയർമാൻ, റിയാബ്.

21. ശ്രീ. കെ.പത്മകുമാർ, സെക്രട്ടറി, റിയാബ്.

22. ശ്രീ. ബിജു മോഹൻ ആർ., സ്പെഷ്യലിസ്റ്റ്, റിയാബ്

23. ശ്രീ. ഷിറിഷ് കെ., സ്പെഷ്യൽ ഓഫീസർ കം ചെയർമാൻ, കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചി രിക്കുന്ന, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII -ന്റെ പരിധിയിൽ വരുന്ന മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, പൊതുമേഖലാ വ്യവസായങ്ങൾ, വിവിധ പൊതുമേഖലാസ്ഥാപനങ്ങൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ പരിശോധിക്കുകയും, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും , ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

<u>മൈനിംഗ് & ജിയോളജി വകുപ്പ്</u>

2853-02-001-99 –<u>ഖനന ഭൂഗർഭ വകുപ്പ്</u>

ഖനന ഭൂഗർഭ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശമ്പളം , യാത്രാബത്ത, ആഫീസ് ചെലവുകൾ, മറ്റിനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനചെലവ്, തുടങ്ങിയ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും, POL ഇനത്തിൽ 2021-22 വർഷത്തിൽ കുടിശ്ശികയുള്ള തുക നൽ കേണ്ടതുണ്ടെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**പൊതുമേഖലാ വ്യവസായങ്ങൾ**

2852-08-600-82 – <u>കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ</u>

4860-60-190-94 – <u>കെ.എസ്.സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും</u>

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ & അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷന്റെ 2014-15 വർഷങ്ങളിലെ കുടിശ്ശികയായ ഇ.പി.എഫ് തൊഴിലുടമ വിഹിതം അടക്കാൻ 3.77 കോടി രൂപയും പ്രവർത്തന മൂലധന സഹായത്തിന് 50 കോടി രൂപയും തോട്ടണ്ടി സംഭരണത്തിനായി 50 കോടി രൂപയും 2005 വരെയുള്ള KGST/CST കുടിശ്ശിക തീർപ്പാക്കുന്നതിനായി 65 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുവാൻ 6 കോടി രൂപയും ഉൾപ്പെടെ ആകെ 236.82 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകങ്ങളിൽ 236.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-600-81 – <u>ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണവും</u>

4851-00-195-99 – <u>കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ</u>

കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപയും, നാടൻ തോട്ടണ്ടി സംഭരണത്തിനായി 10 കോടി രൂപയും, 2021-22 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 6 കോടി രൂപയും, വില്പന നികുതി ആംനെസ്റ്റി സ്കീമിനായി 3 കോടി രൂപയും, പ്രവർത്തന മൂലധനമായി 7 കോടി രൂപയും, ഉൾപ്പെടെ ആകെ 40 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത _ശീർഷകങ്ങളിൽ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-600-90 – <u>ജൈവ കശുവണ്ടി കൃഷിയ്ക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും</u>

സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിൽ കശുമാവ് കർഷക സമിതി രൂപീകരിക്കുന്നതിനും കശുവണ്ടി സംഭരണം ആരംഭിക്കുന്നതിനും വേണ്ടി ഓരോ സംഭരണ കേന്ദ്രത്തിനും 25000/- രൂപ ഗ്രാന്റായി നൽകുവാൻ ആകെ 35 ലക്ഷം രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-60-190-78 – കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ്, തോട്ടണ്ടി ഇറക്കുമതി എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന മൂലധനത്തിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 19.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-01-200-95 – കെ.എസ്.ഐ.ഡി.സി മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

മെഡിക്കൽ ഡിവൈസസ് പാർക്ക്, തിരുവനന്തപുരം

തിരുവനന്തപുരം മെഡിക്കൽ ഡിവൈസസ് പാർക്കിൽ പ്രോട്ടോടൈപ്പ് & ഇൻകുബേഷൻ സെന്റർ, ആനിമൽ ഹൗസ് പദ്ധതി എന്നിവയ്ക്ക് 30 കോടി രൂപയും നോളജ് റിസോഴ്സ് സെന്ററിന്റെ നിർമ്മാണത്തിന് 10 കോടി രൂപയും മറ്റു നിർമ്മാണ പ്രവർത്തികൾക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 45 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-01-200-95- കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് , കുറ്റ്യാടി

കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിലെ റോഡ് , മതിൽ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണം തുടങ്ങിയവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 15.07 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-01-200-95 - കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് , പാലക്കാട്

പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കിലെ എസ് .ഡി.എഫ്-2 കെട്ടിടത്തിന്റെ അവസാന ജോലികളുടെ ബിൽ നൽകുന്നതിനും ചുറ്റുമതിൽ , ജലവിതരണം എന്നിവയുടെ പൂർത്തീകരണത്തിനും പാർക്കിലേക്ക് HT വൈദ്യുതലൈൻ വലിക്കുന്നതിലേക്കുമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4851-00-104-99–കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം

കരകൗശല മേഖലയിലെ സ്ഥാപനമായ സുരഭിയിലെ ജീവനക്കാർക്കുള്ള ശമ്പളക്കുടിശ്ശിക, ഷോറൂമുകളുടെ വാടക കുടിശ്ശിക എന്നിവ തീർക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-01-200-95- കെ.എസ്.ഐ.ഡി.സി മുഖേനയുള്ള വ്യാവസായിക പ്രവർത്തനങ്ങളുടെ നിർവ്വഹണം

കേരള റബ്ബർ ലിമിറ്റഡ് (സിയാൽ മോഡൽ റബ്ബർ കമ്പനി, കോട്ടയം)

കേരള റബ്ബർ ലിമിറ്റഡിന് റോഡ് , മതിൽ നിർമ്മാണം , ഭൂമി വികസനം, അഗ്നിശമന സംവിധാനം, ജലവിതരണം, വൈദ്യുതീകരണം,റബ്ബർ ഉല്പന്നങ്ങളുടെ നവീകരണ കേന്ദ്രം,ആർ & ഡി സെന്റർ, ടെസ്റ്റിംഗ് &ഡെവലപ്പ്മെന്റ് സെന്റർ തുടങ്ങിയവയുടെ നിർമ്മാണം എന്നിവയ്ക്കായി 20 കോടി രൂപ അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-110-62-കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘം

ബീഡി വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും നിലവിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനും പ്രസ്തുത ശീർഷകത്തിൽ 14.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6854-01-190-99-മലബാർ സിമന്റ്സ് വാളയാർ വായ്പകൾ

മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് 0.3 ദശലക്ഷം ടൺ ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 58.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6853-60-190-97- ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ് ലിമിറ്റഡ്.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ് ലിമിറ്റഡിന്റെ നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, ഉല്പാദന ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും മലിനജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 28.32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

6853-01-190-99–കേരള സംസ്ഥാന മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ (കെ.എം.ഡി.എൽ)

റിസർവോയർ കപ്പാസിറ്റി കൂട്ടുന്നതിന്റെ ഭാഗമായി ഡാമുകൾ ഡിസിൽട്ട് ചെയ്ത് ഡിസിൽറ്റേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് മണൽ , കളിമണ്ണ് എന്നിവ വേർതിരിച്ചെടുത്ത് വില്പന നടത്തുന്ന 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-04-190-84–സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ

സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 3.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-04-190-89 – ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിന് 30 കോടി രൂപയും റെയിൽവേയിൽ നിന്നും ലഭിച്ച കാസ്നബ് ബോഗിയുടെ ഓർഡർ സമയബന്ധിതമായി പൂർത്തിയാക്കുവാൻ 11.50 കോടി രൂപയും ഉൾപ്പെടെ ആകെ 41.50 കോടി രൂപ അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 41.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-02-190-94 – മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഉത്പന്ന ശ്രേണി വിപുലമാക്കൽ, കൽക്കരിക്കു പകരമായി ഗ്യാസ് ഇന്ധനമാക്കൽ , കമ്പനിയിൽ ഇ.ആർ.പി. നടപ്പാക്കൽ, എനർജി ഹബ്ബ് സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-03-190-99 – കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ -റിക്ഷ, ഇ-കാർഗോ, ഇ-ഓട്ടോയുടെ വിവിധ വകഭേദങ്ങൾ തുടങ്ങിയവയുടെ രൂപകല്പന, നിർമ്മാണം എന്നിവയ്ക്കും,

കണ്ണൂരിൽ ഇ-ഓട്ടോ ഫാക്ടറി തുടങ്ങുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 6.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-01-190-98 – <u>ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ തിരുവല്ല യൂണിറ്റിലെ CCV-Drycure line പദ്ധതി പൂർത്തീകരിക്കുന്നതിനും പിണറായിയിലെ ഹൗസ് വയറിംഗ് കേബിളുകളുടെ ശേഷി വിപുലീകരിക്കുന്നതിനും നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-01-190-96 – <u>കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ</u>

കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ ഹ്രസ്വകാല പദ്ധതികളുടെ ആദ്യഘട്ടത്തിന്റെ നടത്തിപ്പിനായി പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4858-60-190-83 – <u>ബി.എച്ച്.ഇ.എൽ - ഇ.എം.എൽ ഏറ്റെടുക്കുന്നതിലൂടെ രൂപീകൃതമാകുന്ന ലിമിറ്റഡ് കമ്പനിയിലേക്കുള്ള മൂലധനനിക്ഷേപം</u>

കാസർഗോഡുള്ള കെൽ-ഇ.എം.എൽ കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6859-02-190-99 – <u>കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ</u>

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ 2020-21, 2021-22 വർഷങ്ങളിൽ ആരംഭിച്ച നവീകരണ വിപുലീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനും 2022-23 -ൽ പുതുതായി ആരംഭിക്കുവാൻ പോകുന്ന പവർ ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഇൻറലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം എന്നീ മേഖലകളിലെ വൈവിധ്യവൽക്കരണ നിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 9.69 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-01-190-95– കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

കപ്പാസിറ്റർ ഉല്പാദനശേഷി വർദ്ധിപ്പിക്കലും നവീകരണവും, സൂപ്പർ കപ്പാസിറ്റർ ഉല്പാദനകേന്ദ്രം സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്ക് അനുവദിച്ചിരുന്ന 15 കോടി രൂപയിൽ, 2020-21-ൽ 10.22 കോടി രൂപ ലഭിച്ചിട്ടുള്ളതായി മനസ്സിലാക്കിയ സമിതി പദ്ധതി പൂർത്തീകരണത്തിന് ലഭിക്കാനുള്ള ബാക്കി തുകയായ 4.78 കോടി രൂപയും, മാസ്റ്റർപ്ലാനിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം നടപ്പിലാക്കുന്നതിനായി 1.50 കോടി രൂപയും ഉൾപ്പെടെ ആകെ 6.28 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6859-02-190-94– കെൽട്രോൺ ഇലക്ട്രോ സെറാമിക് യൂണിറ്റ്

കമ്പനിയുടെ പീസോ കോംപോസിറ്റ് ട്രാൻസ്ഡ്യൂസേഴ്സ് , റബ്ബർ മോൾഡ് പ്രോഡക്ട്സ് തുടങ്ങിയ ഹ്രസ്വകാല പദ്ധതികളുടെ പൂർത്തീകരണത്തിനായി മൂലധനമായി നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപ അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-60-190-79– കേരള ക്ലേയ്സ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

കെ സി സി പി ലിമിറ്റഡിന്റെ വൈവിദ്ധ്യവല്ക്കരണത്തിന്റെ ഭാഗമായി 2022-23 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ചെലവുകൾക്കും പ്രവർത്തന മൂലധനത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 18.90 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6860-60-190-94 - കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-97– സീതാറാം ടെക്സ്റ്റൈൽസിനുള്ള വായ്പകൾ

മില്ലിന്റെ ആധുനികവത്കരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-95– കേരള സംസ്ഥാന ടെക്സ്റ്റൈൽസ് കോർപ്പറേഷന് വായ്പകൾ

കോർപ്പറേഷനു കീഴിലുള്ള പ്രഭു റാം മിൽസ് , കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, എടരിക്കോട് ടെക്സ്റ്റയിൽസ്, ഉദുമ ടെക്സ്റ്റെയിൽ മിൽസ്, ഹൈ-ടെക്

വീവിംഗ് മിൽസ് എന്നിവയുടെ നവീകരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 7.53 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-99- തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

2019-20-ൽ ആരംഭിച്ച മില്ലിലെ മെഷിനറികളുടെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6860-60-190-86- ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനുള്ള വായ്പകൾ

കമ്പനിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് കമ്പനി നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6851-00-190-86- കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ വൈവിധ്യവൽക്കരണത്തിലൂടെ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന മുളയധിഷ്ഠിത ഓഫീസ് ഉൽപ്പാദനത്തിനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6851-00-190-88- കേരള സ്റ്റേറ്റ് പാൽമീരാ വർക്കേഴ്സ് സൊസൈറ്റിയ്ക്ക് വായ്പ

കരുപ്പട്ടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 2021-22-ൽ ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥാപനത്തിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാ ത്തതിനാൽ പണം ലഭ്യമായിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കണമെന്നും പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത_ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6885-01-190-97 - കേരള സംസ്ഥാന വ്യവസായിക എന്റർപ്രൈസസ് ലിമിറ്റഡ് വായ്പകൾ

2021-22 വർഷത്തിൽ കൊച്ചിൻ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും, കേരള സോപ്പ്സ് ലിമിറ്റഡിന്റെ ആധുനികവത്കരണത്തിനും 5 കോടി രൂപ വകയിരുത്തുകയും 2 കോടി രൂപ അനുവദിച്ചതിൽ 1.38 കോടി സർക്കാർ തിരിച്ചെടുത്തതായും മനസ്സിലാക്കിയ സമിതി, പദ്ധതികളുടെ പൂർത്തീകരണത്തിനായി പ്രസ്തുത ശീർഷകത്തിൽ 4.38 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-05-190-99- <u>കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ</u>

കമ്പനിയിലെ യന്ത്രസാമഗ്രികളും പ്ലാന്റുകളും 40 വർഷത്തിലേറെ പഴക്കം ചെന്നതാകയാൽ വിവിധ പ്ലാന്റുകളിൽ / സെക്ഷനുകളിൽ ആധുനികവൽക്കരണവും സാങ്കേതികവിദ്യാ നവീകരണവും ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-80-102-97- <u>പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്</u>

പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾ രൂപപ്പെടുത്തി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും, പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കൊച്ചിയിൽ ആരംഭിച്ച് റിയാബിന്റെ മേൽ നോട്ടത്തിൽ സെക്ടറൽ എക്സ്പെർട്ടുകളെ നിയമിക്കുന്നതിനും , മികച്ച പൊതുമേഖലാ സ്ഥാപനത്തിനും മാധ്യമ റിപ്പോർട്ടിങ്ങിനുമുള്ള അവാർഡുകൾ നൽകുന്നതിനും , ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 3.60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4885-60-800-96- <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക</u>

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തന മൂലധനം ലഭ്യമാകുന്നതുവരെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ പ്രവർത്തന മൂലധനമായി 20 കോടി രൂപയും കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മില്ലുകൾക്ക് കോട്ടൺ ബാങ്കിനുള്ള കോർപ്പസ് ഫണ്ടായി 70 കോടി രൂപയും ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 90 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2022 ജൂൺ മാസത്തിൽ സഭയിൽ സമർപ്പിക്കേണ്ടതിനാല് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ മെയ് മാസം അവസാനത്തോടെ ലഭ്യമാക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിക്കുകയുണ്ടായി.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2022 ഏപ്രിൽ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ഏപ്രിൽ 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. വി. ശശി, എം.എൽ.എ.
4. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)
6. ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ. (വീഡിയോ കോൺഫറൻസ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ.ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സജീവൻ പി.കെ., അണ്ടർ സെക്രട്ടറി

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിയ്ക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 6851-00-190-88 എന്ന ശീർഷകം സംബന്ധിച്ച ഖണ്ഡിക 26-ലെ ശിപാർശ താഴെപ്പറയുന്ന രീതിയിൽ പുന:ക്രമീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

"കരുപ്പട്ടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 2021-22-ൽ ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥാപനത്തിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പണം ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു . ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കണമെന്നും പൂർത്തിയാകുന്നമുറയ്ക്ക് മേൽ ശീർഷകത്തിൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു".

യോഗം രാവിലെ 11.20-ന് പിരിഞ്ഞു.

**2022 ജൂലൈ 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ജൂലൈ 18-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 8 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു . നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ.
2. ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
3. ശ്രീ. വി. ശശി, എം.എൽ.എ.
4. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി

2) ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് (ഓൺലൈൻ).

2) ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.

3) ശ്രീ. പ്രേംരാജ്. പി., ഡയറക്ടർ, (ഇൻചാർജ്), ഡയറക്ടേറ്റ് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ്.

4) ശ്രീ. രാജീവ്. ജി., ജോയിന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

5) ശ്രീ. നിഷാദ്. എസ്., ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

6) ഡോ. രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

7) ശ്രീ. പി. വി. ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

8) ശ്രീമതി പ്രസന്നകുമാരി. വി., അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്.

9) ശ്രീമതി ലത. എസ്., അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്.

10) ശ്രീ. ബിജു മോഹൻ, സ്പെഷ്യലിസ്റ്റ്, റിയാബ്.

സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ , കാലതാമസ പത്രികകൾ, ആനുകാലിക റിപ്പോർട്ടിന്റെയും, ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെയും കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**1.** 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് , കാലതാമസപത്രിക എന്നിവയുടെ പരിഗണന.

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ.)

2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 27-29, 33-38 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് , ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് , കാലതാമസപത്രിക എന്നിവയുടെ പരിഗണന.

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 25, 26, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് , ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് , കാലതാമസപത്രിക എന്നിവയുടെ പരിഗണന.

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ.)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 4-7, 30, 31, 43, 44 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ(സി)വകുപ്പും, 33, 35, 36, 42 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ(എച്ച്)വകുപ്പും, ഖണ്ഡിക 37-ലെ ശിപാർശയിന്മേൽ വ്യവസായ (ഡി)വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, ആയവ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നം. 11955/സബ്.സി.ബി2/2021/നിസെ)

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 31, 41-45 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഡി) വകുപ്പും, 36-40, 46 ഖണ്ഡികകളിലെ ശിപാർകളിന്മേൽ വ്യവസായ(എച്ച്) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, ആയവ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന

കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (2018-19, 2019-20, 2020-21), കേരള ഖാദി തൊഴിലാളിക്ഷേമ നിധി ബോർഡ് (2020-21), കാപ്പെക്സ് (2018-19, 2019-20, 2020-21), കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് (2018-19, 2019-20, 2020-21), കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (2018-19, 2019-20, 2020-21), വ്യവസായ വാണിജ്യ വകുപ്പ് (2020-21), കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (2020-21), കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (2019-20, 2020-21), സിഡ്കോ (2019-20), കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ് (2019-20), സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് (2019-20), ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് (2019-20) എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

6. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

7. സമിതി ഈ യോഗത്തിൽ അംഗീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ പ്രകാരമുള്ള 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ 2022 ജൂലൈ 19-ാം തീയതി സഭയിൽ സമർപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

യോഗം രാത്രി 8.15-ന് പിരിഞ്ഞു.

## 2022 ആഗസ്റ്റ് 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ആഗസ്റ്റ് 24-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 7 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു . നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ.
2. ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
3. ശ്രീ കോവൂർ കുഞ്ഞുമോൻ , എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.
5. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ.
6. ശ്രീ പി.സി.വിഷ്ണുനാഥ്, എം.എൽ.എ.
7. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.
8. ശ്രീ. മഞ്ഞളാംകുഴി അലി , എം.എൽ.എ. (ഓൺലൈൻ)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി

2) ശ്രീമതി ജയശ്രീ.എം,ഡെപ്യൂട്ടി സെക്രട്ടറി

2) ശ്രീ മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീമതി എസ്.സന്ധ്യ,അഡീഷണൽ സെക്രട്ടറി , നിയമ വകുപ്പ്

2) ശ്രീ. കെ. സുധീർ, അഡീഷണൽ ഡയറക്ടർ,ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ്

സമിതി, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ , 2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**1.** 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, (ബിൽ നം . 134 ) സംബന്ധിച്ച്

സമിതി, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2-ാം ഖണ്ഡം

ബില്ലിലെ ഖണ്ഡം 2 (ii) മുഖേന പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ ചേർക്കാൻ

ഉദ്ദേശിക്കുന്ന (എൽ എ) ഇനത്തിൽ 'നിയുക്ത അധികാരസ്ഥാനം' എന്നീ വാക്കുകൾക്ക് പകരം 'നിയുക്ത ഉദ്യോഗസ്ഥൻ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡം

ബില്ലിലെ 3-ാം ഖണ്ഡ പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 13 സി വകുപ്പിന്റെ (2) -ാം ഉപവകുപ്പിന്റെ

(i) (ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,

അതായത്:-

"(ഡി). സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന , പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നതും സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചതുമായ ഒരാൾ"

(ii) (ജെ) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,

അതായത്:-

"(ജെ) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ"

4-ാം ഖണ്ഡം

ബില്ലിലെ 4-ാം ഖണ്ഡത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്.

അതായത് :-

"എന്നാൽ പ്രസ്തുത ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനു ശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പും നിയുക്ത ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്തു എന്ന കാരണത്താൽ 13 എഫ് വകുപ്പ് പ്രകാരം അയാൾക്കെതിരെ നടപടികൾ ഒന്നും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു."

ശ്രീ മഞ്ഞളാംകുഴി അലി എം.എൽ.എ. ,ശ്രീ പി.സി. വിഷ്ണുനാഥ് എം.എൽ.എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി .

2. 2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ (ബിൽ നം ; 135 ) സംബന്ധിച്ച്

സമിതി, 2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ (ബിൽ നം.135 ) പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ശ്രീ മഞ്ഞളാംകുഴി അലി എം.എൽ.എ. ,ശ്രീ പി.സി. വിഷ്ണുനാഥ് എം.എൽ.എ. എന്നിവർ റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി .

യോഗം രാത്രി 7.15- ന് പിരിഞ്ഞു .

## 2022 ഒക്ടോബർ 26-ാം തീയതിയിലെ യോഗ നടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ഒക്ടോബർ 26-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
2. ശ്രീ. വി. ശശി, എം.എൽ.എ.
3. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. (ഓൺലൈൻ)
4. ശ്രീ. കെ. ബാബു, (നെന്മാറ) എം.എൽ.എ. (ഓൺലൈൻ)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2) ശ്രീ. ഷിബു ഐസക്, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
3) ശ്രീമതി റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
4) ശ്രീ. ഹരികിഷോർ. എസ്., ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്.
5) ശ്രീ. ഷിബു. എ., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കയർ ഡെവലപ്പ്മെന്റ്.
6) ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.
7) ശ്രീ. രാജീവ്. ജി., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ്.
8) ഡോ. ആർ. അശോക്, ചെയർമാൻ, റിയാബ്.
9) ശ്രീ. ബിജു മോഹൻ. ആർ, സ്പെഷ്യലിസ്റ്റ്, റിയാബ്.
10) ശ്രീ. ഷിറിഷ്. കെ, സ്പെഷ്യൽ ഓഫീസർ , കാഷ്യു & ചെയർമാൻ, കെ.എസ്.എ.സി.സി.
11 ശ്രീ. അജിത് കുമാർ. കെ.ജി, മാനേജിംഗ് ഡയറക്ടർ, കാഡ്കോ.
12 ശ്രീ. ജോർജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.
13 ശ്രീ. രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.ഡി.സി. & കാപ്പക്സ്.
14 ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര.

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും

തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 'ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ' പദ്ധതി- അവലോകനം.

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന 'സംരംഭക വർഷം 2022-23'-നെ കുറിച്ച് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തുകയും അതു സംബന്ധിച്ച കാര്യങ്ങൾ യോഗത്തിൽ വിശദീകരിക്കുകയുണ്ടായി.

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഉദ്ഘാടനം 2022 മാർച്ച് 30-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയും പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിൻ നടത്തുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി , വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല കോർ കമ്മിറ്റി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷരായ തദ്ദേശ സ്ഥാപനതല മോണിറ്ററിംഗ് കമ്മിറ്റി എന്നീ നാലു കമ്മിറ്റികൾ രൂപീകരിച്ചുവെന്നും, ഇതുകൂടാതെ എം.എൽ.എ- മാരുടെ അദ്ധ്യക്ഷതയിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിലും രണ്ട് കമ്മിറ്റികൾ കൂടി രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയും പഞ്ചായത്തുതല കമ്മിറ്റികളും കൃത്യമായി കൂടുകയും പ്രാദേശികമായി താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ വിവിധ വകുപ്പുകളുടെ ഇരുപതോളം യോഗങ്ങൾ സംഘടിപ്പിച്ച് അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നുവെന്നും, സംസ്ഥാനത്തെ 941 പഞ്ചായത്തുകളിലും 93 മുനിസിപ്പാലിറ്റികളിലുമായി 1153 ഇന്റേൺസിനെ നിയമിച്ച് അവരുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ടെന്നും, തിങ്കൾ, ബുധൻ ദിവസങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റുള്ള ദിവസങ്ങളിൽ ഫീൽഡിലും അവർ പ്രവർത്തിച്ചു വരുന്നുവെന്നും, മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനു കളിലെയും 20 വാർഡുകളിൽ ഒരു ഇന്റേണും പഞ്ചായത്തുകളിൽ ഒരു ഇന്റേണും എന്ന നിലയിലാണ് അവർ പ്രവർത്തിക്കുന്നതെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. തുടർച്ചയായ പരിശീലനം നൽകിക്കൊണ്ട് ഓരോ പഞ്ചായത്തുകളിലും നടപ്പാക്കുന്ന സംരംഭങ്ങളുടെ ഡാറ്റ ശേഖരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും yearofenterprises.kerala.gov.in എന്നൊരു വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ടെന്നും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പകൾ , ലൈസൻസുകൾ, സബ്സിഡി എന്നിവയുടെ വിവരങ്ങളാണ് ഹെൽപ്പ് ഡെസ്കുകളിലൂടെ നൽകിവരുന്നതെന്നും നാളിതുവരെ 73664 സംരംഭങ്ങൾ ആരംഭിക്കുകയും 4600 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും 161983 പേർക്ക് ജോലി ലഭിക്കുകയും ചെയ്തുവെന്നും വിശദവിവരങ്ങൾ yearofenterprises.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാണെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ സമിതിയെ

അറിയിച്ചു.

പദ്ധതിയുടെ ഭാഗമായി രണ്ട് ക്യാമ്പയിനുകളാണ് നടത്തിയിട്ടുള്ളതെന്നും 2022 മെയ്, ജൂൺ മാസങ്ങളിലായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുബോധവല്ക്കരണ പരിപാടികൾ നടത്തുകയുണ്ടായെന്നും ഒരു തദ്ദേശ - സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ശരാശരി 73 പേർ എന്ന നിലയിൽ എൺപത്തയ്യായിരത്തോളം പേർ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായെന്നും സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യം പ്രകടിപ്പിച്ചവർക്കുള്ള വിവരങ്ങളാണ് ടി പരിപാടിയിൽ പങ്കുവച്ചതെന്നും , രണ്ടാം ഘട്ടത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ , ലൈസൻസ്, സബ്സിഡി മേളകൾ സംഘടിപ്പിച്ചിരുന്നു വെന്നും 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 934 എണ്ണത്തിൽ ലോൺ മേളകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അതിൽ 310 കോടി രൂപയുടെ 6071 അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കുകയും 2050 അപേക്ഷകൾ പാസ്സാക്കുകയും ബാക്കി അപേക്ഷകളുടെ പരിശോധന നടന്നുവരികയാണെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

ബഹു. വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാമണ്ഡലങ്ങളിലും യോഗം നടത്തി മണ്ഡലാടിസ്ഥാനത്തിലുള്ള റിവ്യൂ നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും , ബഹു. എം.എൽ.എ.-മാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചതിനുശേഷം യോഗം ചേരുന്നതാണെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

നിലവിൽ രൂപീകരിച്ച സംരംഭങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 2022 നവംബർ-ഡിസംബർ മാസങ്ങളിലായി എല്ലാ താലൂക്കുകളിലും വ്യാപാരമേള നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും, പുതിയ സംരംഭകർക്ക് ഓൺലൈൻ പ്ലാറ്റ് ഫോമുകളിൽ മികച്ച വ്യാപാരം നടത്തുന്നതിനും വിപണിയിൽ അവ പരിചയപ്പെടുത്തുന്നതിനും വേണ്ടിയാണ് മേള സംഘടിപ്പിക്കുന്നതെന്നും അടുത്ത ഘട്ടത്തിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനും സംരംഭ രൂപീകരണത്തിനുമായി പദ്ധതികൾ മുന്നോട്ട് വയ്ക്കുന്നതിനുള്ള ഒരു കാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആരംഭിച്ച സംരംഭങ്ങളിൽ ഭൂരിഭാഗവും വ്യാപാര പ്രവർത്തനങ്ങളിലൂന്നിയുള്ളവയാണെന്നും ഉല്പാദന മേഖലയിൽ 16 ശതമാനവും സേവന മേഖലയിൽ 36 ശതമാനവുമാണുള്ളതെന്നും അതിൽ 30 ശതമാനം സംരംഭങ്ങൾ നടത്തുന്നത് സ്ത്രീകളും 6 ശതമാനം ട്രാൻസ്ജെന്റർ വിഭാഗത്തിലുള്ളവരും ബാക്കി പുരുഷന്മാരുമാണെന്നും ഇതിൽ എസ്.സി, എസ്.ടി, ഒ.ബി.സി, ജനറൽ എന്നീ വിഭാഗങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാണെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഒരു ഇക്കോസിസ്റ്റം രൂപീകരിക്കുന്നതിനായി പല നയപരമായ തീരുമാനങ്ങളും സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്നും വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ഫെസിലിറ്റേഷൻ കൗൺസിലും മൂന്ന് റീജിയണുകളിലായി മൂന്ന് ഫെസിലിറ്റേഷൻ കൗൺസിലുകളും ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും എല്ലാ എം.എസ്.എം.ഇ വായ്പകളും 4 ശതമാനം പലിശയ്ക്ക് എന്റർപ്രൈസസ്

സബ്സിഡി നൽകുന്നതിനുള്ള സ്കീം നടപ്പാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടെന്നും സംരംഭകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതാണെന്നും നിലവിലുള്ള സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ടാക്സ്, മാർക്കറ്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി 160 വിദഗ്ധരെ നിയമിക്കുന്നതിന് എംപാനൽ ചെയ്തിട്ടുണ്ടെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ വ്യവസായ പാർക്കുകൾക്കുള്ള നയം രൂപീകരിച്ചിട്ടുണ്ടെന്നും 4 വ്യവസായ പാർക്കുകൾ ആരംഭിക്കുകയും 24 പുതിയ അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും 10 ഏക്കർ ഭൂമിയാണ് സ്വകാര്യ വ്യവസായ പാർക്കിന് ആവശ്യമായിട്ടുള്ളതെന്നും സ്റ്റാൻ ഡേർഡ് ഡിസൈൻ ഫാക്ടറിയാണെങ്കിൽ 5 ഏക്കർ മതിയാകുമെന്നും എന്റർപ്രണർ സപ്പോർട്ട് സ്കീമിലൂടെ 40 ലക്ഷം രൂപവരെ സബ്സിഡി നൽകുന്നുണ്ടെന്നും ടി ഇനത്തിൽ ഈ വർഷം 78 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും നിലവിലുള്ള സംരംഭങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി ഒരു പുതിയ സ്കീം ആവിഷ്കരിച്ചിട്ടുണ്ടെന്നും 10 ലക്ഷം രൂപ മുതൽ മുടക്കുള്ള സംരംഭകർക്ക് 4 ലക്ഷം രൂപ സബ്സിഡി നൽകുന്ന സ്കീം ആവിഷ്കരിച്ചിട്ടുണ്ടെന്നും കൂടാതെ വ്യവസായ വകുപ്പ് നൽകുന്ന എല്ലാ സബ്സിഡി സ്കീമുകളും കാര്യക്ഷമമായും, സുതാര്യമായും ലഭ്യമാക്കുന്നതിനായി ഓൺലൈനായും സേവനങ്ങൾ നൽകിവരുന്നുണ്ടെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

59 താലൂക്കുകളിലെ വ്യവസായ വകുപ്പ് ഓഫീസുകൾ, താലൂക്ക് ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും സംരംഭകരുടെ സംശയനിവാരണ- ത്തിനും അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വിവിധ സ്കിൽ ട്രെയിനിംഗ് കോഴ്സുകൾ ASAP (അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം )-ന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ടെന്നും എക്സ്പോർട്ട് മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള സ്കീം ആവിഷ്കരിച്ചിട്ടുണ്ടെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഭാവി പ്രവർത്തനങ്ങളുടെ ഭാഗമായി 'മെയ്ഡ് ഇൻ കേരള' എന്ന പേരിൽ ഒരു ബ്രാൻ ഡ് ആരംഭിക്കുന്നതിനും എല്ലാ താലൂക്കുകളിലും മൃഗസംരക്ഷണ, ഫിഷറീസ് മേഖലകൾ പോലുള്ളവ തെരഞ്ഞെടുത്ത് വിഷയാടിസ്ഥാനത്തിലുള്ള ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഇന്റേണുകളെ ശക്തിപ്പെടുത്തുന്നതോടൊപ്പം One Local Body One Local Product എന്ന ആശയം രൂപീകരിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷത്തോടെ ഒരു പഞ്ചായത്തിൽ ഒരു ഉല്പന്നം തെരഞ്ഞെടുത്ത് അതിന് സഹായം നൽകുന്നതിനുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിവിധ പഞ്ചായത്തുകൾ അഞ്ഞൂറോളം ഉല്പന്നങ്ങൾ തെരഞ്ഞെടുത്തതായി കാണിച്ചുകൊണ്ട് കത്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

വാർഷിക പദ്ധതിയിൽ പുതിയ സംരംഭങ്ങൾക്കായുള്ള പദ്ധതികൾ

രൂപീകരിക്കുന്നതിനും കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി ലോൺ ഡ്രൈവുകൾ നടത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ടെന്നും, സഹകരണ ബാങ്കുകൾക്കും കേരള ബാങ്കിനും ക്രെഡിറ്റ് ഗ്യാരണ്ടിയില്ലാത്തതിനാൽ വായ്പകൾ അനുവദിക്കുവാൻ സാധിക്കുകയില്ലെന്നത് ന്യൂനതയാണെന്നും, GEM (Government e-Market Place) പോർട്ടൽ വഴി എം.എസ്.എം.ഇ-കളുടെ ഉല്പന്നങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ മാർക്കറ്റിംഗിന് അവരെ സഹായിക്കുന്ന സ്കീമുകൾ നടപ്പിലാക്കുമെന്നും ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം (TreDS) വഴിയാണ് അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പ്രോസസ്സ് ചെയ്യുന്നതിന് ആഗസ്റ്റ് മുതൽ സംരംഭകരെ ഫോൺ മുഖാന്തരം ബന്ധപ്പെട്ട് ലൈസൻസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പരാതി പരിഹാര നിയമം സംബന്ധിച്ച ഓർഡിനൻസ് ലാപ്സായതിനാൽ ഒരു പരാതി പരിഹാര സംവിധാനം ഓൺലൈനായി ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണെന്നും കൃഷി-വ്യവസായ വകുപ്പുകൾ സംയുക്തമായി പഴം - പച്ചക്കറി എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനായി പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളുണ്ടെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് വരുന്നുണ്ടെന്നും, എം.എസ്.എം.ഇ-കളുടെ വായ്പകൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം വഴി വർക്കിംഗ് ക്യാപിറ്റൽ ഫിനാൻസ് ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആലോചനയിലാണെന്നും ജി.എസ്.ടി റീഫണ്ട് നൽകുക എന്നത് നോൺ എം.എസ്.എം.ഇ-കൾക്കേ സാധിക്കൂ എന്നതിനാൽ എം .എസ്.എം.ഇ-കളുടെ വായ്പകൾക്ക് ഇന്ററസ്റ്റ് സബ്സിഡിയാണ് നൽകുന്നതെന്നും, എം.എസ്.എം. ഇ-കളുടെ മാർക്കറ്റിംഗിന്റെ ഭാഗമായി ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേയ്ക്ക് എം .എസ്.എം.ഇ-കളെ ബന്ധിപ്പിക്കുന്ന- തിനായി താലൂക്ക് മേളകൾ സംഘടിപ്പിക്കുമെന്നും, ഒരു പ്രദേശത്തെ ഉല്പന്നങ്ങളെ ഒറ്റ കിയോസ്കിൽ കൊണ്ടുവന്ന് അവ മാർക്കറ്റ് ചെയ്യുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും എം.എസ്.എം.ഇ ഉല്പന്നങ്ങൾക്കായി സപ്ലൈകോ മാതൃകയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി ഒരു സ്ഥിരം ടെക്നോളജി സെന്റർ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടെന്നും നിലവിലുള്ള സാങ്കേതിക വിദ്യകൾ RINK(rink.startup mission.in) എന്ന പോർട്ടൽ മുഖാന്തരമാണ് നടന്നുവരുന്നതെന്നും, ടി പോർട്ടലുമായി ബന്ധിപ്പിച്ചുകൊണ്ട് പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും , എം.എസ്.എം.ഇ-കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യവും പ്രവർത്തനമാരംഭിച്ച സംരംഭങ്ങൾ നിലനിർത്തിക്കൊണ്ട് പോകുന്നവർക്ക് ഇൻസെന്റീവ് നൽകുന്നകാര്യവും പരിഗണനയിലാണെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ

സമിതിയെ അറിയിച്ചു.

ചെറുകിട സംരംഭങ്ങളാണ് ആരംഭിച്ചവയിൽ കൂടുതലെന്നും ഇടത്തരം സംരംഭങ്ങൾ വേണ്ടത്ര ഉയർന്ന വരുന്നില്ലെന്നത് വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണെന്നും ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കു - ന്നതിനായി കെ.എഫ്.സി-യുടെയും. കെ.എസ്.ഐ.ഡി.സി-യുടെയും സേവനം ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സൂക്ഷ്മ വ്യവസായങ്ങൾക്ക്, പ്രവർത്തന മൂലധനം നൽകുന്നതിനും ചെറുകിട ഇടത്തരം വ്യവസായങ്ങളായി മാറ്റുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും, ഇടത്തരം വ്യവസായങ്ങൾ നേരിട്ട് ആരംഭിക്കുന്നതിന് നിലവിൽ പദ്ധതിയില്ലെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു . പത്തു ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് സർക്കാർ ധനസഹായം അനുവദിക്കുന്നതെന്നും കെ.എസ്.ഐ.ഡി.സി-യുടെ സ്കീം അതിൽ ഉൾപ്പെടുന്നില്ലെന്നും ബഹു. സമിതി ചെയർ മാൻ അറിയിക്കുകയുണ്ടായി.

'ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ' എന്ന പദ്ധതിയിൽ ഇടത്തരം വ്യവസായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്നും 5-10 കോടി രൂപയുടെ നിക്ഷേപം വരുന്ന ഇടത്തരം പ്രോജക്ടുകൾക്കാണ് ആളുകൾ സമീപിക്കുന്നതെന്നും മറ്റുവ്യവസായങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങളൊന്നും ഇടത്തരം വ്യവസായ സംരംഭകർക്ക് ലഭിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ അക്കാര്യം പ്രത്യേകം പരിശോധിക്കാമെന്ന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും, പദ്ധതിയുടെ ഘടന റീ സ്ട്രക്ചർ ചെയ്യാൻ പ്രത്യേക ടീമിനെ നിയോഗിക്കാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്ന് സമിതി ചെയർമാനും അറിയിച്ചു.

4 -5 കോടി രൂപയുടെ നിക്ഷേപമുള്ള ഐസ് പ്ലാന്റ് പോലുള്ള സംരംഭങ്ങൾക്കായി കൂടുതൽ തുക നിക്ഷേപിക്കാൻ സംരംഭകൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും അത് വിപുലീകരിക്കാൻ നിലവിലുള്ള സിസ്റ്റത്തിൽ സാധിക്കുന്നില്ലെന്നും , വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കുന്നതിൽ സംരംഭകർ ബുദ്ധിമുട്ടുകൾ നേരിടുന്നത് പരിശോധിക്കണമെന്നും , വാണിജ്യ കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന പവർ ലിമിറ്റ് വർദ്ധിപ്പിക്കണമെന്നും , വിപണനത്തിന്റെ കാര്യങ്ങളിൽ കൂടുതൽ ഇടപെടലു - കളുണ്ടാകണമെന്നും, സംസ്ഥാനത്ത് പഞ്ചായത്തുകളുടെ കൈവശമുള്ള ഭൂമി ഇത്തരം സംരംഭങ്ങൾക്ക് എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള താല്പര്യം ജനങ്ങൾക്കിടയിലുണ്ടെന്നും വ്യവസായ വകുപ്പ് സംരംഭങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്നുണ്ടെന്നും ചില ബാങ്കുകളാണ് ഈ രംഗത്ത് നിസ്സഹകരണം കാണിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തെ കഴിഞ്ഞ വർഷങ്ങളിലെ എം .എസ്.എം.ഇ-കൾ പരിശോധിച്ചാൽ നാനോ മൈക്രോ തുടങ്ങിയ വ്യവസായങ്ങളാണ് കൂടുതലായി വന്നിട്ടുള്ളതെന്നും അതിനാണ് കൂടുതൽ സാധ്യതകളുള്ളതെന്നും, കെ.എസ്.ഐ. ഡി.സി. മുഖേന പദ്ധതികൾ തയ്യാറാക്കുന്നുണ്ടെന്നും റീസ്ട്രക്ച്ചറിംഗിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും, ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വന്നിട്ടുണ്ടെന്നും ലോൺമേള ഒന്ന

കൂടി നടത്തിയാൽ നന്നായിരിക്കുമെന്നും സമിതി  അഭിപ്രായപ്പെട്ടു.

ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് നല്ല സമീപനമാണെന്നും കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി എന്നിവിടങ്ങളിൽ നിന്ന് അത് ലഭിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കെ.എഫ്.സി-ക്ക് എല്ലാ ജില്ലകളിലും ബ്രാഞ്ചുകളുണ്ടെന്നും കെ.എസ്.ഐ.ഡി.സി.ക്ക് അങ്ങനെയില്ലെന്നും വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചു . ഇന്റേണുകളെ നിയോഗിച്ചതുകൊണ്ട് ഗുണം ലഭിക്കുന്നുണ്ടെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

കയർ മേഖലയിൽ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ധാരാളം ഫണ്ട് നൽകുന്നുണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ മേഖലയിലെ തൊഴിലാളികൾ, ചെറുകിട ഉല്പാദകർ, എക്സ്പോർട്ടേഴ്സ് എന്നിവരാരും തൃപ്തരല്ലെന്നും ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ ഇപ്പോൾ ഒരു വിദഗ്ധസമിതിയെ നിയമിച്ചിട്ടുണ്ടെന്നും, ടെക്നോളജി, മാനേജ്മെന്റ്, ഡിസൈൻ എന്നീ മേഖലകളിലെ വിദഗ്ധരെ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം പ്രശ്ന പരിഹാരത്തിനുള്ള കാര്യങ്ങൾ തീരുമാനിക്കാമെന്നും സമിതി ചെയർമാൻ അറിയിച്ചു.

ഭൂമി ഉൾപ്പെടെ കയർ മേഖലയിൽ ധാരാളം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും 3 കയർ സൊസൈറ്റികൾ ലാഭത്തിലാണെന്നും അവരുടെ പ്രവർത്തനത്തെപ്പറ്റി പഠിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു.

2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് , കാലതാമസ പത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

2019-20 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 54-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ വ്യവസായ (ജി) വകുപ്പും 46 മുതൽ 49 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (കെ) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റുകൾ, കാലതാമസ പത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് , കാലതാമസ പത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്.

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ.)

2020-21 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 24, 25, 26 എന്നീ ഖണ്ഡികയിലെ ശിപാർശയിന്മേൽ വ്യവസായ (കെ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റ്, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ

ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11955/സബ്.സി.ബി2/2021/നി.സെ.)

2021-22 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 17-20, 27-29, 34, 39 എന്നീ ഖണ്ഡികയിലെ ശിപാർശയിന്മേൽ വ്യവസായ (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രികൾ.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (2018-19, 2019-20, 2020-21), കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് (2020-21), കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് (2021-22), മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (2018-19, 2019-20, 2020-21), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (2019-20, 2020-21, 2021-22) കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) (2018-19, 2019-20) കേരള കരകൗശല വികസന കോർപ്പറേഷൻ (2018-19, 2020-21), കിൻഫ്ര (2018-19) കെൽട്രോൺ (2020-21) കെ.സി.സി.പി ലിമിറ്റഡ് (2018-19, 2019-20, 2020-21, 2021-22) കേരള സിറാമിക്സ് ലിമിറ്റഡ് (2019-20, 2021-22) എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.10-ന് പിരിഞ്ഞു.

## 2022 ഡിസംബർ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച, സഭാ സമ്മേളനത്തിനു ശേഷം രാവിലെ 11.45 -ന് നിയമസഭാസമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ, സമിതി ചെയർമാൻ ബഹു. നിയമം,വ്യവസായം,കയർ വകുപ്പുമന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.
2. ശ്രീ. കെ.ബാബു (നെന്മാറ), എം.എൽ.എ.
3. ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
4. ശ്രീ കോവൂർ കുഞ്ഞുമോൻ ,എം.എൽ.എ.
5. ശ്രീ. വി. ശശി, എം.എൽ.എ.
6. ശ്രീ. കെ.എൻ, ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ.
7. ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ.
8. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ത്രീദീപ്.കെ.ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ. എം, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. മോഹനൻ.ഒ , അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ സാദിഖ് എം.കെ , സ്പെഷ്യൽ സെക്രട്ടറി ,നിയമവകുപ്പ്
2. ശ്രീമതി ശ്രീകല ടി.ആർ , അഡീഷണൽ സെക്രട്ടറി , നിയമവകുപ്പ്
3. ശ്രീ. എൻ.വി സന്തോഷ് , ജോയിന്റ് സെക്രട്ടറി , നിയമവകുപ്പ്
4. ശ്രീ സിജു ജേക്കബ് , ജോയിന്റ് സെക്രട്ടറി ,വ്യവസായ വകുപ്പ്
5. ശ്രീമതി ചാന്ദിനി.കെ.കെ, ഡയറക്ടർ, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
6. ശ്രീ. എ.അലക്സാണ്ടർ, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ,കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്
7. ശ്രീ രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

സമിതി, 2022 -ലെ The Kerala Cashew Factories (Acquisition) (Amendment) Bill, 2022 -ലെ The Kerala Khadi And Village Industries Board (Amendment) Bill, എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. <u>The Kerala Cashew Factories (Acquisition) (Amendment) Bill, 2022 (Bill. No. 141)</u>

സമിതി, 2022 -ലെ The Kerala Cashew Factories (Acquisition) (Amendment) Bill ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

Clause-2

(1) Clause 2(i) shall be recast as follows.-

> " (i) in column No.3, after the words,figures and symbols "taken over on lease on 13-3-1974" ,the word, figures and symbols "and 1-2-1975" shall be inserted;

(2) In column No.4 against Serial No.14 of the Schedule II of the Principal Act proposed to be amended by Clause 2(ii), for the words and symbol "and Smt.D.Sumathi,W/o Sivadasan" the following words and symbols shall be substituted, namely:--

> "and Smt.D.Sumathy,W/o Sivadasan,Smt. Rajasri Sivadasan, D/o Sivadasan and Smt.Jayasri Sivadasan, D/o Sivadasan".

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ, ശ്രീ.പി.സി. വിഷ്ണുനാഥ്, എം.എൽ.എ എന്നിവർ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

2. <u>The Kerala Khadi And Village Industries Board(Amendment) Bill, 2022 (Bill No.115)</u>

സമിതി, 2022 -ലെ The Kerala Khadi And Village Industries Board (Amendment) Bill ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ, ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ എന്നിവർ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാവിലെ 11.55 -ന് പിരിഞ്ഞു.

## 2023 ഫെബ്രുവരി 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2023 ഫെബ്രുവരി 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാൻ, ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ .പി.രാജീവ് വീഡിയോ കോൺഫറൻസിംഗിലൂടെ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1 .ശ്രീ.കെ.ബാബു (നെന്മാറ), എം.എൽ.എ

2.ശ്രീ.കോവൂർ കുഞ്ഞുമോൻ, എം.എൽ.എ

3 .ശ്രീ.വി.ശശി, എം.എൽ.എ

4. ശ്രീ.കെ.എൻ.ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ

5.ശ്രീ.പി.സി.വിഷ്ണുനാഥ്, എം.എൽ.എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീ.കെ.ജി.ത്രിദീപ്, ജോയിന്റ് സെക്രട്ടറി

2.ശ്രീമതി ജയശ്രീ.എം, ഡെപ്യൂട്ടി സെക്രട്ടറി

3.ശ്രീ.മോഹനൻ.ഒ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1.ശ്രീ.സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം & നോർക്ക വകുപ്പ്

2.ഡോ.കെ.എ.രതീഷ്, സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

3.ശ്രീ.ഹരികിഷോർ.എസ്, ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്

4.ശ്രീ.അനിൽ കുമാർ.കെ.എസ്, ഡയറക്ടർ, ഹാൻഡ്‌ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

5.ശ്രീ.ടി.സി.മാധവൻ നമ്പൂതിരി,ഡയറക്ടർ, കേരള ഖാദി&വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

6.ശ്രീമതി കല.എസ്.വി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7.ശ്രീമതി എം.എ.റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

8.ശ്രീമതി ശോഭ.വി.ആർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9.ശ്രീ.ഗംഗാധരൻ.ടി.ഒ, അഡീഷണൽ ഡയറക്ടർ, കയർ ഡെവലപ്മെന്റ് ഡയറക്ടറേറ്റ്

10.ശ്രീ.ശ്രീധന്യൻ.എൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, കണ്ണൂർ

11.ശ്രീ.എം.കെ.സലീം, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ് )

12.ശ്രീ.അരുണാചലം സുകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

13.ശ്രീ.പി.വി.ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്

14.ശ്രീ.സുനിൽ മാത്യു.കെ., സി.എഫ്.ഒ, ഹാൻവീവ്, കണ്ണൂർ

15.ശ്രീ.പി.രവി, ഫിനാൻസ് ഓഫീസർ, കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന വ്യവസായ വാണിജ്യ വകുപ്പ് , കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്, കയർ വികസന വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

### വ്യവസായ വാണിജ്യ വകുപ്പ്

2851-00-102-25(01) - നാനോ യൂണിറ്റുകൾ - അതിസൂക്ഷ്മ വ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി സഹായം

നാനോ സംരംഭങ്ങൾക്ക് മാർജിൻ മണി ഗ്രാന്റ് നൽകുന്ന ഈ പദ്ധതിക്ക് സംരംഭകർക്കിടയിൽ വലിയ സ്വീകാര്യതയുള്ളതിനാൽ പ്രസ്തുത പദ്ധതിക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-102-84(01)-33 -സംരംഭക സഹായ പദ്ധതി/സംസ്ഥാന നിക്ഷേപ സബ്സിഡി -സബ്സിഡികൾ

വ്യവസായ വകുപ്പിന്റെ സുപ്രധാന ഫ്ലാഗ് ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ നേട്ടം പൂർണ്ണമായും കൈവരിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി വരും വർഷത്തിലും നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2407-60-001-99 - പ്ലാന്റേഷൻ ഡയറക്ടറേറ്റ്

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

### കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

2851-00-105-95-10 – കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായം ധനസഹായമായി നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമിനത്തിലുള്ള കുടിശ്ശിക തുക 13.9790440 കോടി രൂപയാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 13.9790440 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്**

2851-00-105-66(03) - ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 32 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-105-85 - പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം നൽകുക മുതലായ ഉദ്ദേശങ്ങളോടെ ആരംഭിച്ച ഈ പദ്ധതിക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന 3 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-105-73- ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്

ഖാദി തൊഴിലാളികൾക്ക് ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ബത്ത നൽകുന്നതിനുമായി മേൽ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 50 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-105-71 - വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസ്ഥ നൽകുന്നതിനും , അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5.816 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന

വഴിയോ  അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-105-99-31 – കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 160.425 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ  വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-105-96-33 - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് സബ്സിഡികൾ

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 35 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്**

2851-00-103-38 – നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ /നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയ്ക്ക് കൈത്തറി വസ്ത്രങ്ങളുടെ ഉൽപാദനം വർദ്ധിച്ച സാഹചര്യത്തിൽ നിലവിൽ  ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി  പ്രസ്തുത  ശീർഷകത്തിൽ 4.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-103-74  -  പരിശീലനവും വികസനവും

കോവിഡ്-19  മഹാമാരിക്കു ശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും കണ്ണൂർ ഐ.ഐ.എച്ച്.റ്റി.ക്ക് ഭരണ ചെലവുകൾ ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾക്കായി ഫണ്ടൊന്നും ലഭിച്ചിട്ടില്ല എന്നും  ആയത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും  2023-24 സാമ്പത്തിക വർഷത്തിൽ ഇതിനായി വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.55 കോടി രൂപ  ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-109-74(01) - കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ - സംസ്ഥാന സഹായ പദ്ധതികൾ

സംസ്ഥാനത്ത് ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ കോട്ടൺ സുഗമമായി സംഭരിക്കുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന 7 കോടി രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 10.5 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4851-00-190-99 - <u>കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ</u>

കേരള കൈത്തറി വികസന കോർപ്പറേഷനിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനിന് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 10.89 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## <u>കയർ വികസന വകുപ്പ്</u>

2851-00-106-95 - <u>വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും</u>

കയർ മേഖലയുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും കയർ ഉത്പ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-106-92(02) - <u>വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി ) - സംസ്ഥാന വിഹിതം</u>

കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം , തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പുനരുദ്ധാരണം,പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-106-35 - <u>കയർ മേഖലക്കുള്ള അപ്പക്സ് ബോഡി</u>

കയർ മേഖലയിലെ ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും പ്രവർത്തിച്ചു വരുന്ന കയർ അപ്പെക്സ് ബോഡിയുടെ ഓഫീസ് പ്രവർത്തനങ്ങളുടെ ചെലവിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-106-26 - <u>കയർ ഉത്പ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും</u>

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം നൽകുന്നതിനും പുനരുജ്ജീവന നടത്തിപ്പിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 03.10- ന് പിരിഞ്ഞു

## 2023 ഫെബ്രുവരി 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.00-ന് നിയമസഭ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1.ശ്രീ.കെ.ബാബു (നെന്മാറ), എം.എൽ.എ
2.ശ്രീ.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ
3.ശ്രീ.വി.ശശി, എം.എൽ.എ
4.ശ്രീ.സേവ്യർ ചിറ്റിലപ്പിള്ളി,എം.എൽ.എ (വീഡിയോ കോൺഫറൻസ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീമതി ജയശ്രീ.എം, ഡെപ്യൂട്ടി സെക്രട്ടറി
2.ശ്രീ.മോഹനൻ.ഒ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1.ശ്രീ.സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം & നോർക്ക വകുപ്പ്
2.ശ്രീമതി കല.എസ്.വി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3.ശ്രീമതി എം.എ.റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
4.ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5.ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ്&ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
6.ശ്രീ.ഹരികിഷോർ.എസ്, ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്
7.ശ്രീ.അനിൽകുമാർ.കെ.എസ്, ഡയറക്ടർ, ഹാൻഡ്‌ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്
8.ശ്രീ.പി.ശ്രീകുമാർ, ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്
9.ശ്രീ.സജീവ്.പി.പി, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്
10.ശ്രീ.ദേവിദാസ്.എൻ, ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്
11.ശ്രീമതി ശോഭ.വി.ആർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
12.ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
13 ശ്രീ.സിജു ജേക്കബ്,ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

14.ഡോ.കെ.എ.രതീഷ്, സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
15.ശ്രീ.ടി.സി.മാധവൻ നമ്പൂതിരി, ഡയറക്ടർ, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
16.ശ്രീ.കെ.പത്മകുമാർ, സെക്രട്ടറി, റിയാബ്
17.ശ്രീ.ഗംഗാധരൻ.ടി.ഒ, അഡീഷണൽ ഡയറക്ടർ, കയർ ഡെവലപ്മെന്റ് ഡയറക്ടറേറ്റ്
18.ശ്രീ.രാഘവൻ.എം, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്
19.ശ്രീ.ശ്രീധന്യൻ.എൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, കണ്ണൂർ
20.ഡോ.ആർ.അശോക്, ചെയർമാൻ, റിയാബ്
21.ശ്രീ.ഷിറിഷ്.കെ, സ്പെഷ്യൽ ഓഫീസർ കം ചെയർമാൻ, കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ
22.ശ്രീ.എ.അലക്സാണ്ടർ, ചെയർമാൻ&മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യു ബോർഡ്
23.ശ്രീ.എൻ.നാരായണ മൂർത്തി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ )
24.ശ്രീ.അനാകയ് ബാലകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്
25.ശ്രീ.അജിത് കുമാർ.കെ.ജി, മാനേജിംഗ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)
26.കാമാൻഡർ പി.സുരേഷ് (റിട്ടയേർഡ്), മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
27.ശ്രീ.വി.കെ.പ്രവിരാജ്, മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്
28.ഡോ.രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
29.ശ്രീ.ബിജു മോഹൻ.ആർ, സ്പെഷ്യലിസ്റ്റ്, റിയാബ്
30.ശ്രീ.സന്തോഷ് കോശി, മാനേജിംഗ് ഡയറക്ടർ, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ)
31.ശ്രീ.ജോർജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
32.കേണൽ ഷാജി വർഗ്ഗീസ് (റിട്ടയേർഡ്), മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
33.ശ്രീ.പി.വി.ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
34.ശ്രീ.വി.കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
35.ശ്രീ.ഇ.എ.സുബ്രഹ്മണ്യൻ, മാനേജിംഗ് ഡയറക്ടർ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
36.ശ്രീമതി ലക്ഷ്മി നാരായണൻ.കെ, മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
37.ശ്രീ.അരുണാചലം സുകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്
38.ശ്രീ.അനിൽ കുമാർ.കെ.എസ്, മാനേജിംഗ് ഡയറക്ടർ, ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്

39.ശ്രീ.ഹോബി.വി.ആർ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്

40.ശ്രീ.അശോക് ലാൽ, ജനറൽ മാനേജർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

41.ശ്രീ.ഗോപീകൃഷ്ണൻ.വി.ഐ, ഡെപ്യൂട്ടി ജനറൽ മാനേജർ, സിഡ്കോ

42.ശ്രീമതി കൃഷ്ണപ്രിയ.എൻ.വി, അസിസ്റ്റന്റ് മാനേജർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്

43.ശ്രീ.ദിവക് അജിത്കുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിഡ്കോ

44.ശ്രീ.ഷിബു.ജി,അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

45.ശ്രീ.പ്രസാദ് ബാലകൃഷ്ണൻ നായർ, സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്

46.ശ്രീ.അബിൻ കുര്യാക്കോസ്, ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

47.ശ്രീ.അനിൽ കുമാർ.പി.എസ്, അക്കൗണ്ട്സ് ഓഫീസർ, സിഡ്കോ

48.ശ്രീ.അനൂപ്.വി.എൽ, മാനേജർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

49.ശ്രീ.ലെനിൻ.ജി, മാനേജർ, സിഡ്കോ

50.ശ്രീ.അനിൽ ജോൺ, മാനേജർ (ഫിനാൻസ്), ആട്ടോകാസ്റ്റ് ലിമിറ്റഡ്

51.ശ്രീ.സന്തോഷ്.എൻ, മാനേജർ, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

52.ശ്രീ.എ.നിസ്സുദീൻ, മാനേജർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

53.ശ്രീ.സുനിൽ ജോർജ്, ഫിനാൻസ് മാനേജർ, ദി കേരള സിറാമിക്സ് ലിമിറ്റഡ്

54.ശ്രീ.വി.എസ്.സുലോചനൻ, പ്രസിഡന്റ്, കേരള സംസ്ഥാന കരകൗശല അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, പൊതുമേഖലാ വ്യവസായങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ പരിശോധിക്കുകയും, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും , ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## മൈനിംഗ് & ജിയോളജി വകുപ്പ്

2853-02-102-99 - ധാതു പര്യവേക്ഷണം

മൈനിംഗ് & ജിയോളജി വകുപ്പിൽ ധാതു പര്യവേക്ഷണത്തിനായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപു:നർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2853-02-003-99 - ഉദ്യോഗസ്ഥന്മാരുടെ പരിശീലനം

മൈനിംഗ് & ജിയോളജി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽ

കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 5 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2853-02-001-96 - ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2.5 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2853-02-001-98 - ജില്ലാ ഘടകങ്ങളുടെ രൂപീകരണം

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതുക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## പൊതുമേഖലാ വ്യവസായങ്ങൾ

2852-08-600-82 – കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

4860-60-190-94 - കെ.എസ്.സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവല്ക്കരണവും

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ & അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷന്റെ 2014-15 വർഷങ്ങളിലെ കുടിശ്ശികയായ ഇ.പി.എഫ്. തൊഴിലുടമ വിഹിതം അടക്കാൻ 3.77 കോടി രൂപയും 2005 വരെയുള്ള KGST/CST കുടിശ്ശിക തീർപ്പാക്കുന്നതിനായി 65 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുവാൻ 3 കോടി രൂപയും ഉൾപ്പെടെ ആകെ 133.82 കോടി രൂപ ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 133.82 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-60-190-78 - കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 16.45 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-600-81 - ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ്

## ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)

4851-00-195-99 - കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

കാപ്പെക്സിന്റെ ഫാക്ടറികളുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും 2021-22 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 9 കോടി രൂപയും വില്പന നികുതി ആംനെസ്റ്റി സ്കീമിനായി 4 കോടി രൂപയും ഉൾപ്പെടെ ആകെ 23 കോടി രൂപ ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി. പ്രസ്തുത ശീർഷകങ്ങളിൽ 23 കോടി രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-600-90 - ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

സംസ്ഥാനത്ത് കശുമാവ് കർഷക കൂട്ടായ്മ രൂപീകരിക്കുന്നതിനും കശുവണ്ടി സംഭരണം ആരംഭിക്കുന്നതിനും വേണ്ടി 30 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-104-69 - ക്രാഫ്റ്റ് കോംപ്ലക്സ് - സുരഭി

സുരഭിയ്ക്ക് കോവളത്ത് ക്രാഫ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി വിലയിരുത്തിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 99 ലക്ഷം രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4851-00-104-99 – കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

കേരള കരകൗശല മേഖലയിലുള്ള സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ., കെൽ പാം ഉടങ്ങിയവയുടെ ആധുനികവത്കരണം, സാങ്കേതിക നവീകരണം, പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് നിലവിൽ 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഈ തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-104-86 - പൊതുപ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

കരകൗശല മേഖലയിൽ പൊതുപ്രവർത്തന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2885-60-190-91 – കെ.എസ്.ഐ.ഡി.സി - യുടെ കീഴിലുള്ള വ്യവസായ വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപം.

ഈ ബഡ്ജറ്റ് ശീർഷകത്തിലെ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയെന്ന ആറാമത്തെ ഘടകത്തിന് 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഈ സ്കീമിന്റെ കീഴിൽ ധാരാളം സഹായ -സാമ്പത്തിക അഭ്യർത്ഥനകളും അന്വേഷണങ്ങളും ലഭിച്ചിട്ടുള്ളതിനാൽ 3 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും വിലയിരുത്തിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഈ ബഡ്ജറ്റ് ശീർഷകത്തിലെ സുസ്ഥിര വ്യവസായ പ്രോത്സാഹന പദ്ധതിയെന്ന എട്ടാമത്തെ ഘടകത്തിന് 28 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഈ പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിന് 22 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും മനസ്സിലാക്കിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 22 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2851-00-104-70 - <u>പരമ്പരാഗത സ്വർണ്ണ പണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം</u>

സംസ്ഥാനത്തെ പരമ്പരാഗത സ്വർണ്ണ പണിക്കാർക്ക് ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുവാൻ കാഡ്കോ , ജെം ആന്റ് ജ്വവലറി സ്കിൽ കൗൺസിൽ ഓഫ് ഇൻഡ്യ എൻ .എസ്.ഡി.സി.യുമായി ചേർന്ന് നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ നടത്തുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 22 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

4860-60-190-90 - <u>കേരള റബ്ബർ ലിമിറ്റഡ്</u>

കേരള റബ്ബർ ലിമിറ്റഡിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർ പ്ലാനിന്റെ ഘട്ടം ഒന്നിന്റെ ഭാഗമായി 2023-24 വർഷം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 53.75 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6853-60-190-97 - <u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്</u>

മലിന ജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡില് നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അഞ്ചു വർഷ മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാന്റുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 72.82 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6857-02-190-99 - <u>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ</u>

125 ഓളം കുത്തിവയ്പ് മരുന്നുകളുടെയും നേത്രശുശ്രൂഷ മരുന്നുകളുടെയും രൂപവൽക്കരണത്തിനായുള്ള ഈ പദ്ധതിയുടെ ചെലവ് വർദ്ധിച്ചതിനാൽ ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6859-02-190-99 - <u>കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ</u>

പവർ ഇലക്ട്രോണിക്സ് , ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ്, ഡിഫൻസ് ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് എന്നിവയിലെ വൈവിധ്യവത്കരണവും ഉൽപ്പന്നവികസനവും ഇതുമായി ബന്ധപ്പെട്ട ഗവേഷണവും വിപണിയിൽ മേൽകൈ നേടുന്നതിന് അത്യന്താപേക്ഷിതമാണ് എന്നും ഇതിലേക്കായി 27.66 കോടി രൂപയാണ് ആവശ്യമെന്നും ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 20 കോടി രൂപ അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 7.66 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

4885-01-190-95 -<u>കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം</u>

കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള പഴക്കമേറിയതും ഉപയോഗശൂന്യവുമായ മെഷിനറികൾ മാറ്റി പുതിയവ സ്ഥാപിച്ച് ക്രിസ്റ്റൽ ഉൽപാദനം പുനരാരംഭിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6859-02-190-94 - <u>കെൽട്രോൺ ഇലക്ട്രോ സെറാമിക് യൂണിറ്റ്</u>

കമ്പനിയുടെ പീസോ കോംപോസിറ്റ് ട്രാൻസ്ഡ്യൂസേഴ്സ് , റബ്ബർ മോൾഡ് പ്രോഡക്ട്സ് തുടങ്ങിയ ഹ്രസ്വകാല പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള മൂലധനമായി നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപ അധികമായി ആവശ്യമാണെന്നു വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6858-04-190-84 - <u>സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ</u>

സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി 7.2 കോടി രൂപയും മെഷിനിങ് യൂണിറ്റിന്റെ വിപുലീകരണത്തിനായി 1.5 കോടി രൂപയും ഉൾപ്പെടെ ആകെ 8.7 കോടി രൂപ അധികമായി ആവശ്യമുണ്ടെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 8.7

കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6858-60-190-89 - ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിനും റെയിൽവേയിൽ നിന്നും ലഭിച്ച കാസ്നബ് ബോഗികളുടെ ഓർഡർ സമയബന്ധിതമായി പൂർത്തിയാക്കുവാനും 12 കോടി രൂപ അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 12 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6858-02-190-94 - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എനർജി ഹബ്ബിലെ ഇന്ധന വില്പന വർദ്ധിപ്പിക്കുന്നതിന് വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും കമ്പനിയിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6858-03-190-99 - കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ-ടിപ്പർ, CNG ഓട്ടോ തുടങ്ങിയവ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിർമ്മിക്കുന്നതിന് 10 കോടി രൂപയും ISRO-ൽ നിന്നും വരുമാനം ഇരട്ടിപ്പിക്കുന്നതിലേക്ക് CNC മെഷീനുകൾ, ആധുനിക യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിലേക്ക് 10 കോടി രൂപയും അധികമായി ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6860-60-190-79 - കേരള ക്ളേസ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ലാറ്ററൈറ്റ് എക്സ്ട്രാക്ഷന്റെ വിപുലീകരണം , ആന്റിസെപ്റ്റിക് & ഡിസ്ഇൻഫെക്റ്റന്റ്സ് നിർമ്മാണ യൂണിറ്റ് വിപുലീകരണം, പഴയങ്ങാടിയിലെ ജൈവ വൈവിധ്യ പാർക്ക്, സോയിൽ മ്യൂസിയം എന്നിവയുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 8.64 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6860-60-190-94 - കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പെയിന്റ് ഗ്രേഡ് പൌഡർ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 3.10 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6858-01-190-96 - <u>കേരള ഇലക്ട്രിക്ക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ</u>

കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ ഹ്രസ്വകാല പദ്ധതികളുടെ ആദ്യഘട്ടത്തിന്റെ നടത്തിപ്പിനായി പ്രസ്തുത ശീർഷകത്തിൽ 19 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4858-60-190-83 - <u>ബിഎച്ച്ഇഎൽ - ഇഎംഎൽ ഏറ്റെടുക്കുന്നതിലൂടെ രൂപീകൃതമാകുന്ന ലിമിറ്റഡ് കമ്പനിയിലേക്കുള്ള മൂലധന നിക്ഷേപം</u>

കാസർഗോഡുള്ള കെൽ- ഇഎംഎൽ കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 18.64 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-95 - <u>കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ</u>

കോർപ്പറേഷനു കീഴിലുള്ള പ്രഭുറാം മിൽസിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 9.53 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-97 - <u>സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ</u>

മില്ലിന്റെ ആധുനികവത്കരണത്തിനും അറ്റകുറ്റപണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 38 ലക്ഷം രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-01-190-99 - <u>തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ</u>

തിരുവനന്തപുരം സ്പിന്നിംഗ് മില്ലിലെ പ്ലാന്റിന്റെയും മെഷിനറികളുടെയും നവീകരണത്തിനായും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത ശീർഷകത്തിൽ 1.85 കോടി രൂപ ധനപു:നവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6851-00-190-98 - കരകൗശല വികസന കോർപ്പറേഷനുള്ള വായ്പകൾ

കേരള കരകൗശല വികസന കോർപ്പറേഷൻ മുഖേന 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Digital Marketing & Branding, Cluster Development, മുംബൈ, ന്യൂ ഡൽഹി, എറണാകുളം, തിരുവനന്തപുരം-സ്റ്റാച്യു എന്നീ വില്പന ശാലകളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ 4 കോടി രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6851-00-190-88 - കേരള സംസ്ഥാന പന ഉൽപ്പന്ന തൊഴിലാളി ക്ഷേമ കോർപ്പറേഷന് വായ്പ

കെൽപാമിന്റെ ജാഗ്ഗറി നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6851-00-190-90 - കേരള സംസ്ഥാന ചെറുകിട വ്യാവസായിക വികസന കോർപ്പറേഷനുള്ള വായ്പ

സിഡ്കോയുടെ തൃശ്ശൂർ കല്ലേറ്റുംകരയിലെ വ്യവസായ എസ്റ്റേറ്റ് നവീകരണത്തിനായും പാപ്പനംകോട് വ്യവസായ എസ്റ്റേറ്റ് റോഡ് റീടാർ ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2.43 കോടി രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6860-05-190-99 - കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിനുള്ള വായ്പകൾ

പേപ്പർ മെഷീൻ പ്ലാന്റ്, മെക്കാനിക്കൽ പൾപ്പിങ് പ്ലാന്റ്, കെമിക്കൽ റിക്കവറി ബോയിലർ, കെമിക്കൽ പൾപ്പിങ് പ്ലാന്റ് എന്നിവയുടെ ആധുനികവൽക്കരണത്തിനും സാങ്കേതിക വിദ്യനവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 30 കോടി രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-08-202-97 - കോട്ടൺ ബോർഡ്

വ്യവസായവകുപ്പിനു കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി സീസൺ സമയത്ത് കുറഞ്ഞ വിലയ്ക്ക് വാങ്ങി നല്കുന്നതിനായി കോട്ടൺ ബോർഡിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ35 കോടി രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യുവാൻ തീരുമാനിച്ചു.

4885-60-800-96 - <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക</u>

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതുവരെ പ്രവർത്തനമൂലധനം നൽകുന്നതിന് 20 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളുടെ നിലവിലെ സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യതകളും വൈദ്യുതി കുടിശ്ശികയും ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി 100 കോടി രൂപയും അധികമായി ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 120 കോടി രൂപ ധനപുഃനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 03.00-ന് പിരിഞ്ഞു.

## 2023 ഫെബ്രുവരി 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2023 ഫെബ്രുവരി 22-ാം തീയതി ബുധനാഴ്ച്ച രാവിലെ 11.00-ന് നിയമസഭ സമുച്ചയത്തിലെ '5 ഡി 'സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1.ശ്രീ.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ

2.ശ്രീ.കോവൂർ കുഞ്ഞുമോൻ, എം.എൽ.എ

3.ശ്രീ.വി.ശശി, എം.എൽ.എ

4.ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ, എം.എൽ.എ

5.ശ്രീ.കെ.ബാബു(നെന്മാറ ), എം.എൽ.എ (വീഡിയോ കോൺഫറൻസ് മുഖേന)

6.ശ്രീ.പി.സി.വിഷ്ണുനാഥ്, എം.എൽ.എ (വീഡിയോ കോൺഫറൻസ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീ.കെ.ജി.ത്രിദീപ്, ജോയിന്റ് സെക്രട്ടറി

2.ശ്രീമതി ജയശ്രീ.എം, ഡെപ്യൂട്ടി സെക്രട്ടറി

3.ശ്രീ.ഒ.മോഹനൻ, അണ്ടർ സെക്രട്ടറി.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.15-ന് പിരിഞ്ഞു.